
little KITEs
The Imprints.
...that Blooms.
ST.JOSEPH'S H. S. S. KALLODY




നാടിനേയും മനസ്സിനെയും പിടിച്ചുലച്ച പ്രളയകാലത്തിന്റെ മരവിപ്പിൽ നിന്നും കേരളം കരകയറാൻ തുടങ്ങിയിരിക്കുന്നു....

കാലങ്ങൾ കഴിഞ്ഞ്  
ഓർമ്മച്ചെപ്പുകൾ തുറക്കുമ്പോൾ  
ഒരു ചെറുപുഞ്ചിരി വിരിയുവാൻ  
ചിലതൊക്കെ ബാക്കിവെച്ചിട്ടുപോകാം....  
നമ്മുടേതായ ചില IMPRINTS  
Let it Blooms...........

അക്ഷരങ്ങളെ കടലാസിലൊതുക്കാതെ, ലോകം മുഴുവൻ പറത്തിവിടുവാൻ, സെന്റ്. ജോസഫ്സ്. എച്ച്. എസ്. എസ് കല്ലോടിയിലെ കുട്ടിപ്പട്ടങ്ങൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കായ് സമർപ്പിക്കുന്നു....



# ST. JOSEPH'S H.S.S. KALLODY





# അണിയറശിൽപ്പികൾ......





Chief Editor(HM)
Annamma M Antony

Staff Editor
Dr.Golda Louis

Student Editor
Jispaul Wilson

| | |
|---|---|
| **Editorial Board** | :Angela, Albin, Rishal,Sona,Shibitha |
| **Editing,Typing** | **:**Dennis,Sona,Shilna,Hridya |
| **Designing,Cover** | **:**Alna rose,Chrismariya |
| **Magazine name** | :Ancy M.V. |



LITTLE KITE BATCH 2018-2019



സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടിയിലെ 'ലിറ്റിൽ കൈറ്റ്സ്' കൂട്ടുകാർ ഒരു ഡിജിറ്റൽ മാഗസിൻ അണിയിച്ചൊരുക്കിയിരിക്കുന്നു.കുട്ടികളുടെ സർഗ്ഗശേഷി വളർത്തുന്നതിന് ലിറ്റിൽ കൈറ്റ്സിലൂടെ നടത്തപ്പെടുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.ഈ സംരംഭത്തിനു പിന്നിൽ പ്രവർത്തിച്ച മുഴുവൻ കൂട്ടുകാരെയും അധ്യാപകരെയും അഭിനന്ദിക്കുന്നു.ഈ സംരംഭത്തിലൂടെ നിങ്ങൾ ഓരോരുത്തർക്കും അവനവനോടും വിദ്യാലയത്തോടും സമൂഹത്തോടും കൂടുതൽ പ്രതിബദ്ധതയോടെ പ്രവർത്തിക്കാൻ സാധിക്കട്ടെ എന്ന് പ്രാർതഥിച്ചുകൊണ്ട് എല്ലാ ആശംസകളും നേരുന്നു.

**അന്നമ്മ മേഴ്സി ആന്റണി (HM)**

CHIEF EDITOR




ആധുനിക ലോകം വളരെയേറെ വികസിച്ചു കഴിഞ്ഞു.വിജ്ഞാനം ഇന്ന് വിരൽത്തുമ്പിലാണ്.മഹാൻമാരുടെ ജീവചരിത്രങ്ങൾ തൊട്ട് വിശുദ്ധഗ്രന്ഥങ്ങൾ വരെ ഇന്ന് ഇന്റർനെറ്റിൽ ലഭ്യമാണ്.ഈ കാലഘട്ടത്തിൽ സെന്റ്.ജോസഫ്സ്.എച്ച്.എസ്.എസ്. കല്ലോടിയിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് തയ്യാറാക്കിയ 'Imprints' എന്ന ഡിജിറ്റൽ മാഗസിന് വളരെ പ്രസക്തിയുണ്ട്. കവിതകൾ, ഉപന്യാസങ്ങൾ, ലഘുലേഖനങ്ങൾ, ചെറുകഥകൾ, ചിത്രങ്ങൾ തുടങ്ങി സാമൂഹികവിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന രചനകൾ ഈ മാഗസിനെ വേറിട്ടതാക്കുന്നു.അകാലത്തിൽ പുസ്തകത്താളുകളെപ്പോലെ നശിച്ചുപോകാതെ മനുഷ്യമനസ്സിന്റെ ആഴങ്ങളിലേക്ക് വിജ്ഞാനത്തിന്റെ അക്ഷയഖനി തുറന്നിടാൻ 'Imprints' ഡിജിറ്റൽ മാഗസിനു സാധിക്കട്ടെ.



**Student Editor**
Jispaul Wilson

# താളുകളിലൂടെ....

എരിയുന്ന മെഴുതിരികൾ ....................................................9
അഭിമുഖം.......................................................................12
വർണ്ണങ്ങളെത്തേടി .........................................................16
ഉണരുന്ന കേരളം .........................................................19
വിശപ്പ് തന്ന സമ്മാനം.....................................................20
എഴുതാത്ത പേന..............................................................23
ബിഥോവൻ.....................................................................24
മനസ്സൊരു കടൽ..............................................................27
ആത്മനെഞ്ചകത്തിൽ നിന്ന്..............................................30
മുത്തശ്ശിമാവ്..................................................................31
അമ്മ............................................................................34
ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ...............................35
മഴയുടെ പങ്കവയ്ക്കൽ.......................................................37
വാനപ്രസ്ഥം...................................................................39
നവകേരളം സൃഷ്ടിക്കാം...................................................43
എൻ പ്രകൃതി .................................................................45
സത്യസന്ധത തെളിയിച്ച സൂര്യകാന്തി...............................46
എങ്ങോട്ട് .......................................................................48
നഗരവീഥിയിലെ പൈപ്പ്...................................................50
സാധ്യമെന്ത്.....................................................................51

സ്വപ്നകിടാവ് ..........54
FRIENDS.......... 55
ഇവൾ മാതൃക.......... 57
അമ്മ മാത്രം.......... 58
ഓണത്തമ്മ ..........61
തിരുനെല്ലിക്ഷേത്രത്തിലേക്ക് ഒരു യാത്ര..........63
തുലാസ്..........65
നാട്..........67
പ്രപഞ്ചം ..........69
പുല്ല് തിന്ന പുലി..........70
പ്രകൃതി വിസ്മയം..........72
ജീവിതമായി ഒരു വെല്ലുവിളി..........74
ബെന്യാമിൻ ആടുജീവിതം..........75
ഭൂമിയേ നിന്നോടാണെൻ ചോദ്യം..........77
മിസ്ഡ് കോൾ ..........79
PAIN OF DARK..........80
സ്നേഹത്തിന്റെ വില..........82
ചിപ്കോ..........84
ഭാര്യ..........87
നിലാവ്..........88
കോമാളി..........91
ദേശാടന പക്ഷി..........92
കിഴവനും കടലും..........94
A THIRD WAR..........96
സമൂഹത്തോട്..........97
CHILD LABOUR..........100
എന്റെ ജീവിതം..........102
പരീക്ഷണശാല ..........104
സ്ത്രീസമൂഹത്തിലെ ആധുനിക പിഴവുകൾ..........105

SWEET DREAM........................................................107
സമയം....................................................................108
നശിക്കുന്ന യുവത്വം.........................................................110
പ്രിയ സഖീ.................................................................112
നിശബ്ദമീ വേള.............................................................113
യാത്രാ വിവരണം...........................................................116
സഹപ്രവർത്തകൻ..........................................................119
പ്രിയ സുഹൃത്ത്..............................................................120
യാത്രമൊഴി.................................................................121



# എരിയുന്ന മെഴുതിരികൾ

സരസ്വതി തൻ കോവിലാം എൻ വിദ്യാലയം
ഭക്ത ജനങ്ങളാം അതിൽ പൈതങ്ങൾ,
എന്നും കത്തിയെരിയുന്ന മെഴുതിരികളാം
എൻ അധ്യാപകർ,
ആടിയുലയുന്ന പൂക്കൾ തൻ മിഴികളാം
എൻ വിദ്യാലയം,
പാറിപ്പറക്കുന്ന പക്ഷികളാം എൻ
പുസ്തകത്താളുകൾ,
കത്തിയെരിയുന്ന നീർഝാലുകളാം
എൻ വിദ്യാലയം,
ചങ്ങലയാൽ കോർത്തിണക്കിയതാം
ഓരോ സൗഹൃദം,
നിർത്തമാടും കളിപ്പാവകൾ
പോലെയാം കുസൃതികൾ,
സ്നേഹം ഒളിപ്പിച്ചുവച്ചു കാണിക്കുന്ന-
താം ഓരോ കണ്ണുരുട്ടലും,
ബോധവത്ക്കരമാക്കുന്നതാം ഓരോ
പ്രവർത്തനങ്ങളും,
ഓർക്കുമ്പോൾ മധുരിക്കാൻ അവസാനം



ഇല്ലതു മാത്രമുള്ള സഹോദരാ,
സഹായമാവുക, ധർമ്മോപരിയായി ജീവിക്കുക
അനുഭവിക്കാൻ ഈ സ്വത്തുക്കളെ
നമുക്കുണ്ടാക സഹോദരാ.....
ചിലക്കുന്ന പക്ഷിക്ക് കിരണങ്ങൾ
ഓതാനാ വരുകയെൻ മനുഷ്യാ....
വിദ്യാലയ പക്ഷി, പാട്ടും,ചിലക്കും
ആദ്യാനുരാഗങ്ങൾ.......

സൂര്യരശ്മിയിൽ വാടാതെ, കൊടും
മഴയിൽ തണുക്കാത്ത പൈതങ്ങളാകാം
കൊഴിയാതെ, പൂക്കാതെ
ഇരിക്കില്ലയോ ഈ ചെറു മലരുകളെ.

**അർപിത ബാബു**
**8 E**



Arnold Anil
8F

# അഭിമുഖം

**അഭിമുഖം നടത്തിയത്**: ലിറ്റിൽ കൈറ്റിനുവേണ്ടി ഗോൾഡ ടീച്ചർ, ഐെയ്ഞ്ചല സി.ഷാബു, ഷിബിത പി.

**അതിഥി:** എൻ.വി.ജോർജ്ജ് സാർ

സംസ്ഥാന ദേശീയ അദ്ധ്യാപിക അവാർഡ് ജേതാവും, കല്ലോടിയുടെ സാമൂഹ്യ സാംസ്കാരിക നേതാക്കളിൽ ഒരാളും , കല്ലോടി ഉദയവായനശാല സെക്രട്ടറി, അതോടൊപ്പം ആദിവാസി സാക്ഷരത കോഡിനേറ്ററും സർവ്വോപരി കല്ലോടിയുടെവികസനങ്ങളിൽ മുൻനിരയിൽ പങ്കുവഹിച്ച അദ്ധ്യാപക ശ്രേഷ്ഠനുമായ ശ്രീ. എൻ. പി. ജോർജ്ജ് സാറുമായി നടത്തിയ അഭിമുഖം സെന്റ് ജോസഫ് എച്ച്. എസ്. എസ് കല്ലോടിയെ കുറിച്ച് കൂടുതൽ അറിയാൻ സഹായിച്ചു.



1976 ജൂൺ ഒന്നാം തീയ്യതി കല്ലോടി പള്ളിയുടെ വികാരിയായിരുന്ന റവ. ഫാദർ മേമന അച്ഛന്റെ ശ്രമഫലമായിട്ടായിരുന്നു ഹൈ സ്കൂൾ ഉണ്ടായത്. കല്ലോടി ഹൈസ്കൂൾ 1948 ജൂൺ ഒന്നാം തീയ്യതി സ്ഥാപിതമായ സെന്റ് ജോസഫ് യുപി സ്കൂളിന്റെ കളിസ്ഥലമായിരുന്നു ഏറ്റവും ഹൈ സ്കൂളിന്റെ ആദ്യത്തെ ഹെഡ് മാസ്റ്റർ കെ.എം ആന്റണി സാറായിരുന്നു. കല്ലോടി ഹൈ സ്കൂളിന്റെ രണ്ടാമത്തെ ഹെഡ് മാസ്റ്റർ ജോർജ് ജോസഫ് സാറായിരുന്നു.കല്ലോടിയുടെ സാംസ്കാരിക സാമ്പത്തിക വളർച്ചയിൽ ഒരു വലിയ പങ്ക് വഹിച്ചതിൽ ഒന്ന് കല്ലോടി ഹൈ സ്കൂളിലായിരുന്നു. യൂപി സ്കൂൾ വിദ്യഭ്യാസത്തിനുശേഷം വിദ്യാർത്ഥികൾ ആശ്രയിച്ചിരുന്നത് വെള്ളമുണ്ട അല്ലെങ്കിൽ മാനന്തവാടി ഹൈസ്കൂൾ എന്നീ




Sri. N.V. George receiving the National Award to Teachers-201
From the Hon.President of India Sri.Pranab Mukherjee
at New Delhi on 5th sept. 2015

വിദ്യാലയങ്ങളാടിരുന്നു. ഈ കാരണത്താൽ തന്നെ പ്രത്യേകിച്ച് ദൂരെ കൂടുതൽ പരിഗണിച്ച് പഠനം നിർത്തിയവർ ഏറെയാണ് പ്രത്യേകിച്ച് പെൺ കുട്ടികൾ. എന്നാൽ കല്ലോടി ഹൈ സ്കൂളിൽ വന്നതോടെ പഠന സാധ്യതകൾ വർദ്ധിച്ചു . അതോടൊപ്പം അദ്ധ്യാപകരുടെ എണ്ണവും

വർദ്ധിച്ചു. ഇത് കല്ലോടിയുടെ സാമ്പത്തിക ശേഷി വർദ്ധിപ്പിച്ചു. ഇത് സാംസ്കാരിക രംഗത്ത് ഒരു വലിയ കുതിച്ചു ചാട്ടത്തിന് സഹായിച്ചു. കല്ലോടി ഹൈ സ്കൂളിലേക്ക് ദൂരെ സ്ഥലങ്ങളിൽ നിന്നുപ്പോലും വിദ്യാർത്ഥികളുടെ തിരക്കായിരുന്നു.

സെന്റ് ജോസഫ് ഹൈ സ്കൂളിന്റെ വളർച്ച പരിശോധിക്കുകയാണെങ്കിൽ 1 ഡിവിഷനും ഒരു ഓടിട്ട വിങ്ങുമായി തുടങ്ങയിയ കല്ലോടി ഹൈ സ്കൂൾ ഇന്ന് 18 ഡിവിഷനും 3 വിങ്ങും ഉള്ള, കംബ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലിറ്റിൽ കൈറ്റ്, സ്കൗട്ട്,ഗൈഡ്, ജെ.ആർ.സി തുടങ്ങി ഒരുപാട് ക്ലബുകൾ അടക്കമുള്ള ഒരു വിദ്യാലയമാണ്.ഇംഗ്ലീഷ് മീഡിയവും,മലയാള മീഡിയവും ഈ വിദ്യാലയ-ത്തിലുണ്ട്. കലാ-സാംസ്കാരിത-കായിക മത്സരങ്ങളിലും ഈ വിദ്യാലയം മികവു പുലർത്തുന്നു.



# വർണ്ണങ്ങളെത്തേടി

പെയ്തുനിറയാൻ നിന്ന
ഞ്ഞാറ്റുതിയുടെ മഴ മേഘങ്ങൾ
മെല്ലെ വിതുമ്പി, അല്ല,
അവൾ പൊട്ടി കരഞ്ഞു.
മാനം ഇരുണ്ടടണഞ്ഞുപ്പോൾ
പുഴയും കരയും ഒന്നായൊഴുകി
കൈകോർത്തു നമ്മളും
നടന്നു, മുൻപോട്ട്




മുൻപോട്ട് നടന്ന് നീങ്ങിയപ്പോൾ
കണ്ടകാഴ്ച്ചയോ'ശോകം
പൊട്ടിക്കരഞ്ഞ കാർ മേഘത്തെക്കാൾ
കൂടുതൽ വിതുമ്പിയതു ഞാനാകും
വർണ്ണങ്ങളെല്ലാം ഒഴുകിപോയി
ഇനി നിറമില്ലാത്ത ജീവിതം!
കൈകോർത്തു, കൈകോർത്തു
ഞങ്ങൾ ഇനിയും മുമ്പോട്ട്
പുതുതായി പിറന്ന
കേരളത്തിൽ, പഴയതെല്ലാം
മറക്കുന്നു ഞാനും.
വർണ്ണമില്ലാത്ത ജീവിതത്തിൽ
ഞാൻ.......... മുൻപോട്ട്
വർണ്ണങ്ങളെത്തേടി......ഇനിയും
സമ്പാതിച്ചൊരുക്കാൻ
നിറപ്പകിട്ടാർന്ന ജീവിതം
സ്പനമായിക്കണ്ട്.......
പ്രത്യാശയോടെ....ഇനിയും
ഞാനും നീയും

നമ്മളെല്ലാവരും
ഒരുമിച്ച് കെട്ടിയുയർത്തും
നവകേരളത്തെ.....
നാളേക്കായി.....പുതുസൃഷ്ടിക്കായി.



**സോന ജോണി**
**9 E**


By: Arathi Narayanan
viii. E

# ഉണരുന്ന കേരളം

കേരളമേ നീ ഉണർന്നു
പ്രളയത്തിൽ നഷ്ടമായ നിൻ
ചാരുത വീണ്ട് പിടിക്കാൻ
നീ ഉണർന്നു.



നിൻ കണ്ണുകളിൽ കണ്ടു
ഞാൻ എൻ "നവ കേരളം"
പച്ചപ്പുതപ്പ് വിരിച്ച് നിൽക്കുന്ന
നിൻ വയലുകളെ.
നീലാകാശത്തിലെ പഞ്ഞികെട്ടുകളെ.
എത്രയോ നാളായ് ഞാൻ കാണാതിരുന്ന
ഇവയെ കണ്ടു നമ്മുടെ നവ കേരളത്തിൽ
എനിക്കുവേണം എൻ കേരളം
എനിക്കായ് നിനക്കായ് നമുക്കായ്



**അബിന വിൻസൺ**
**9 D**

# വിശപ്പ് തന്ന സമ്മാനം

ഹൊ! എന്തൊരു വെയിൽ.. വിശന്നിട്ട വയ്യ.. ഏതെങ്കിലുമൊരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചിട്ട് പോകാം.രവി ചിന്തിച്ചു. ബിരിയാണി മേശപ്പുറത്ത് വെച്ച് കഴിക്കുന്ന ചിത്രം മനസ്സിൽ തെളിഞ്ഞു. അപ്പോൾ കൂടുതൽ വിശപ്പ് രവിക്ക് അനുഭവപ്പെട്ടു. കൂടുതൽ ഉത്സാഹത്തോടെ രവി ഹോട്ടലിലേക്ക് നടന്നു.

അയാൾ ഒരു ഹോട്ടലിന്റെ മുന്നിൽ എത്തി. ബിരിയാണി ഓർഡർ ചെയ്ത് സ്വസ്ഥമായി ഒരിടത്തിരുന്നു. പിന്നീട് മേശപ്പുറത്ത് കൊണ്ടുവച്ചിരിക്കുന്ന ഭക്ഷണസാധനങ്ങൾ കഴിക്കാൻ തുടങ്ങി. ഭക്ഷണം കഴിച്ച് കാശ് കൊടുത്ത ശേഷം അയാൾ പുറത്തിറങ്ങി. അപ്പോൾ രണ്ടു കുട്ടികൾ കടയുടെ അടുത്തേക്ക് വന്ന് ആകാംക്ഷയോടെ കടക്കാരനെ നോക്കി എന്തെങ്കിലും തിന്നാൻ തരണം എന്ന് പറഞ്ഞു. എന്നാൽ കടക്കാരൻ ആ കുട്ടികളെ ആട്ടിയോടിച്ചു.

രവിക്ക് ഇത് കണ്ട് വിഷമമായെങ്കിലും ഒന്നുംചെയ്യാനാകാതെ വീട്ടിലേക്ക് നടന്നു. ഇതേ സമയം വീട്ടുമുറ്റത്ത് അമ്മ മുറ്റമടിച്ച് വാരുകയായിരുന്നു. രവിയുടെ മുഖത്തെ ദു:ഖം അമ്മക്ക് മനസ്സിലായി. എന്നാൽ ഒന്നും ചോദിക്കുകയോ പറയുകയോ ചെയ്തില്ല. രവി വീടിനുള്ളിലേക്ക് പോയി.പണി കഴിഞ്ഞ് അകത്തുകയറിയ അമ്മ ആ ദിവസത്തെ കാര്യങ്ങൾ പങ്കുവക്കാൻ തുടങ്ങി. രവി അതിനൊക്കെ മൂളുകയല്ലാതെ ഒരക്ഷരം പോലും മിണ്ടിയില്ല.

'എന്തു പറ്റിയെടാ'....അമ്മ ചോദിച്ചു. 'ഒന്നുമില്ലമ്മേ' ... രവി സൗമ്യമായി പറഞ്ഞു. ഉച്ചക്ക് ഒന്നും കഴിച്ചില്ലല്ലോ അമ്മ പറഞ്ഞു. ഇല്ല ഞാൻ ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ചു. മറുപടിയായി രവി പറഞ്ഞു. അമ്മ പിന്നീട് തന്റെ ജോലിയിൽ വ്യാപ്രതയാവാൻ തുടങ്ങി. നേരം സന്ധ്യയായപ്പോൾ രവിയോട് അമ്മ കുളിക്കാനാവശ്യപ്പെട്ടു. എന്നാൽ അയാൾ തികച്ചും മൗനമായിരുന്നു. അത്താഴ സമയത്ത് അമ്മ ചോദിച്ചു.

"എന്തു പറ്റിയെടാ..?നീയെന്താ ഇങ്ങനെ? എല്ലാകാര്യങ്ങളും നീ

പറയാറുള്ളതല്ലേ...? എന്താ ജോലിസ്ഥലത്ത് എന്തെങ്കിലും പ്രശ്നം ഉണ്ടോ?" "ഏയ് ഇല്ല....." രവി പറഞ്ഞു. അതോ , ഞാൻ ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ പോയപ്പോൾ ഭക്ഷണം കഴിക്കാൻ വേണ്ടി രണ്ടു കുട്ടികൾ വന്നു.ഞാൻ അവരെ നോക്കുകപോലും ചെയ്തില്ല. കടക്കാരൻ അവരെ ചീത്ത പറഞ്ഞു. ഞാൻ അത് കേട്ട് നിന്നു. അപ്പോൾ എനിക്ക് അമ്മയുടെ മുഖമാണ് ഓർമ്മ വന്നത്.ഭക്ഷണം കഴിക്കാതെ പണിയെടുത്ത് കഷ്ടപ്പെട്ടല്ലേ അമ്മ എന്നെ വളർത്തിയത്. വിശപ്പിന്റെ വില എനിക്കുമറിയാം. എന്നാലും ഞാനവരെ സഹായിച്ചില്ലല്ലോ. രവി പറഞ്ഞു.



സാരമില്ല മനുഷ്യന് ഉപകാരം ചെയ്യാൻ എപ്പോഴും സമയം ഉണ്ട്. അതുകൊണ്ട് നാളെ പോയി അവരെ കാണണം. എന്നിട്ട് ഭക്ഷണം കൊടുക്കണം. നമ്മളെ കൊണ്ട് ആവുന്നപോലെ സഹായിക്കണം. അമ്മ രവിയെ ആശ്വസിപ്പിച്ചു.

പിറ്റേന്ന് രാവിലെ തന്നെ തന്റെ തിരക്കുകൾ എല്ലാം മാറ്റിവച്ച് ആ കുട്ടികളെ കാണാൻ രവി ഹോട്ടലിന് അടുത്തേക്ക് പോയി. എന്നാൽ വളരെ നേരം നോക്കീട്ടും അവരെ കണ്ടില്ല. പിന്നീട് കടക്കാരനോട് അവരുടെ കാര്യം അന്വേഷിച്ചു. എന്നാൽ അവരാരും കണ്ടില്ല എന്ന മറുപടിയാണ് രവി കേട്ടത്.

ദു:ഖത്തോടെ രവി ജോലിക്കു പോയി. വൈകിട്ട് ജോലി കഴിഞ്ഞ് മടങ്ങി വന്നപ്പോഴും,ആ കുട്ടികളെ അയാൾ തിരഞ്ഞു. പക്ഷേ കാണാൻ പറ്റിയില്ല. അവസാനമായൾ വീട്ടിലേക്ക് മടങ്ങി. വൈകിട്ട് വീട്ടിൽ തിരിച്ചെത്തിയപ്പോൾ വീടിന്റെ വാതിലിനു മുന്നിൽ പുഞ്ചിരി തൂകി നിൽക്കുകയായിരുന്നു അമ്മ.

"എന്താ അവർക്ക് വല്ലതും കൊടുത്തോ " വീടിനുള്ളിൽ കയറുന്നതിനു മുമ്പ് അമ്മ ചോദിച്ചു. ഇല്ലമ്മേ..... അമ്മയുടെ മുഖത്ത് നോക്കാതെ രവി മറുപടി പറഞ്ഞു. വീടിനുള്ളിൽ കയറിയ രവിക്ക് തന്റെ

കണ്ണുകളെ വിശ്വസിപ്പിക്കാനായില്ല. താൻ തിരിഞ്ഞുനടന്ന കുട്ടികൾ തന്റെ സ്വന്തം വീട്ടിൽ.

"എന്താമ്മേ ഇത്...''? രവി ചോദിച്ചു. നിന്റെ പുറകെ ഞാനുണ്ടായിരുന്നു. നീ നോക്കിയിട്ടു കാണാതെ ജോലിക്ക് പോയത് ഞാൻ കണ്ടു. അവരെ കുറേ സ്ഥലത്ത് നോക്കിയിട്ട് ഞാൻ കണ്ടുപിടിച്ചു. ഇങ്ങോട്ട് കൂട്ടിക്കൊണ്ടുവരുകയും ചെയ്തു. രവിയുടെ കണ്ണുകൾ സന്തോഷത്താൽ നിറഞ്ഞു. ഒന്നും മിണ്ടാനാകാതെ അയാൾ നിന്നു.

നിന്റെ ഭാര്യ നിനക്ക് മക്കളുണ്ടാവില്ലെന്ന് പറഞ്ഞ് നിന്നെ ഉപേക്ഷിച്ചില്ലേ. അതിനു പകരമായി നിനക്ക് ദൈവം തന്നതാണീ കുട്ടികളെ. ഇനി നിന്റേതാണ് ഈ കുട്ടികൾ. അമ്മയുടെ കാലശേഷം നിനക്കാരെങ്കിലുമൊക്കെ വേണ്ടേ?


ഓടിച്ചെന്ന് രണ്ടുപേരെയും കെട്ടിപ്പിടിച്ച് മക്കളേ എന്ന് പറഞ്ഞ് കരഞ്ഞുകൊണ്ട് രവി പറഞ്ഞു. "അതെ....ഇവർ എന്റെ മക്കളാണ്. ദൈവത്തിന്റെ ദാനം. എന്റെ സമ്പത്ത്."രവി അവരെ തന്റെ സ്വന്തം മക്കളെന്നപോലെ നോക്കി. അതു കണ്ട് അമ്മയുടെ കണ്ണുകൾ നിറഞ്ഞു.



**ഷിൽന തോമസ്**
**9 F**

# എഴുതാത്ത പേന

ജീവിതം പറയുന്ന കടലാസുതുണ്ടുകൾ പല-
തും കടന്ന് പോയി കലാപ്രവാഹത്തിൽ
ദുഷ്കരം എന്നത് മർത്യന്റെ ജൻമ്മായ് കണ്ടരെ
വേളയിൽ കാലന്റെ മെഴികളായി മാറി എൻ രക്തം.



ഹൃദയത്തിൻ തുണ്ടുകൾ പറിച്ച്
അമർത്തുന്ന
കവികൾ തൻ നെഞ്ചിലെ ചൂടു രക്തമായ്
ഞാൻ
വിറക്കിന്ന കൈകളിലെ ത്യാശ്രുയായി
ചലിപ്പിച്ചു-
ന്നെ മർത്യന്റെ ദു:ഖത്തിൻ മഷിയായ്
വന്ന് പോയി ഒരുപാട് കൈകളിലൂടെ എങ്കി-
ലും വെളിച്ചത്തിൻ കരങ്ങൾ ദുർബലം തന്നെ
മർത്യൻ തൻ ഹൃദയത്തിൻ അന്ധതയിൽ ഞാൻ

അറിയാതെ പെട്ടുപോയ് ഇരുളിൻ ചുഴിയിൽ
ഇപ്പോൾ എൻ സ്ഥാനമോ കുപ്പയിതന്നെ
മണ്ണിനും മനുഷ്യനും ഭാരമാണ പാരിൽ
തുടരുന്ന ജീവിതം പാഴ്വസ്തുവായ്
ഇന്ന് ഞാൻ വിണ്ണിൽ ഒരു എഴുതാത്ത പേന.



**മുഹമ്മദ് മുബഷീർ വി എം**
**10 B**

# ബിഥോവൻ

സംഗീത ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തപ്പെട്ട പേരാണ് ബിഥോവന്റേത്.ഒരു സംഗീതജ്ഞനുണ്ടാകാവുന്ന ഏറ്റവും വലിയ ദുരനുഭവമായ ബധിരത അദ്ദേഹത്തിന് പിടിപ്പെട്ടുവെങ്കിലും തളരാതെ ഏതു ഹൃദയത്തെയും അലിയിക്കുന്ന മധുരസംഗീതം സൃഷ്ടിച്ച് ലോകത്തെ അദ്ദേഹം അത്ഭുതപ്പെടുത്തി.

ജർമ്മനിയിലെ ബേൺ നഗരത്തിൽ 1770-ൽ ബിഥോവൻ ജനിച്ചു.ബേണിലെ പ്രതിനിധിസഭയിലെ പാട്ടുകാരനായിരുന്നു അച്ഛൻ.കുട്ടിക്കാലത്തു തന്നെ ബിഥോവൻ സംഗീതാഭിരുചി പ്രകടിപ്പിച്ചു.ഇത് തിരിച്ചറിഞ്ഞ അച്ഛൻ കടുത്ത ശിക്ഷണത്തിലൂടെയുള്ള സംഗീതാഭ്യാസമാണ് മകനു



നൽകിയത്.കുഞ്ഞുനാളിൽത്തന്നെ ബിഥോവന്റെ സംഗീതം ജനം ശ്രദ്ധിച്ചു തുടങ്ങിയിരുന്നു.അച്ചന്റെ മദ്യപാനവും ക്ഷയരോഗം മൂലമുള്ള അമ്മയുടെ മരണവും മൂലം സഹോദരങ്ങളുടെ പരിപാലനം ബിഥോവന്റെ ഉത്തരവാദിത്വമായി മാറി.പൊതു വേദികളിൽ സംഗീതവിരുന്ന് നടത്തിയാണ് ഉപജീവനത്തിനുള്ള പണം ബിഥോവൻ കണ്ടെത്തിയത്.

ബിഥോവന് മുപ്പതാം വയസ്സിൽ കേൾവി നഷ്ടപ്പെട്ടു.ഈ വൈകല്യം അദ്ദേഹത്തെ തളർത്തിയില്ല.ഇക്കാലത്തു രചിച്ച ഒൻപതാം സിംഫണി ഒരു മഹാവിസ്മയമായി ലോകം കൊണ്ടാടി.1824-ൽ വിയന്നയിൽ വച്ച് ഇത് ആദ്യം അരങ്ങേറി.പരിപാടി കഴിഞ്ഞപ്പോൾ ഉണ്ടായ കരഘോഷം അദ്ദേഹം അറിഞ്ഞില്ല.സദസിനു പുറംതിരിഞ്ഞു നിന്ന ബീഥോവനെ തോളിൽ തട്ടിതിരിച്ചു നിർത്തിയപ്പോഴാണ് ഇളകിമറിയുന്ന മനുഷ്യതരംഗം അദ്ദേഹം കണ്ടത്.

ബധിരത മാത്രമല്ല കരൾ രോഗം, നേത്രരോഗം,

വാതരോഗം,വിഷാദരോഗം തുടങ്ങി തന്നെ അക്രമിച്ച എല്ലാ രോഗത്തിനെയും അവഗണിച്ച് അദ്ദേഹം സംഗീതം കൊണ്ട് മയാജാലം സൃഷ്ടിച്ചു.അതാസ്വതിക്കുന്നവരുടെ സന്തോഷം മാത്രമായിരുന്നു ബീഥോവൻ ജീവിക്കാൻ പ്രചോദനം നൽകിയത്.'എന്റെ ജീവിതം എറിഞ്ഞുടയ്ക്കുവാൻ തോന്നിയെങ്കിലും എന്റെ സംഗീതം എന്നെ ജീവിതത്തിലേക്ക് പിടിച്ചു വലിക്കുന്നു' എന്നു ബീഥോവൻ പറയുകയുണ്ടായി.ബീഥോവന്റെ രചനകളിൽ ഏറ്റവും ശ്രദ്ധേയമായതാണ് ഈറോയിക്കാ.'ഒരു മനുഷ്യന്റെ ഓർമ്മ അഘോഷിക്കാനുള്ള ധീരോദാത്ത സിംഫണി' എന്നാണ് ഈറോയിക്കയെക്കുറിച്ച് ബീഥോവൻ തന്നെ രേഖപ്പെടുത്തിയിട്ടുള്ളത്.1827 മാർച്ച്-26 ന് വിയന്നയിൽ വച്ച് ബീഥോവൻ അന്തരിച്ചു.അദ്ദേഹത്തിന്റെ അറുന്നൂറോളം രചനകൾ ഇന്നും ലോകം മുഴുവനുമുള്ള സംഗീത പ്രേമികളെ ഹരം കൊള്ളിക്കുന്നു.



**ഡെന്നിസ്.ടി.വി**
**9 A**



# മനസ്സൊരു കടൽ

പ്രക്ഷുബ്ദമാണെന്റെ മനസ്സ്
കാറ്റിന്റെ ഗന്ധവും മഴയുടെ താളവും
അലഞ്ഞൊറിഞ്ഞൊഴുകുന്ന തിരകൾ
ചിന്തകളാകുന്ന പവിഴപ്പുറ്റുകൾ
ഹൃത്തടത്തിൽ തിളങ്ങുന്ന സാദരം;

മഴയുടെ സങ്കടം പെയ്യ്തു തീർക്കാം
കാറ്റിനോ കടലിൽ ഭദ്രനൃത്തമാടാം
ക്ഷോഭത്താൽ ഉയരുന്ന തിരകൾക്ക്
കരകളെ ആവോളം വിഴുങ്ങി മതിവരുത്താം
ഈ താണ്ഡവത്തിനൊടുവിൽ
കേഴുന്ന കടലിനിയെന്തു വേണം?

മനസ്സിന്റെ ചുഴികളിൽ ചിന്തകൾ തറയ്ക്കുമ്പോൾ
മനം കണ്ണിർ കടലായ് മാറിടുന്നു.
തെറ്റും ശരിയും ഖേദവും നന്മയും
കൊമ്പുകോർക്കുന്ന അംഗകളരിയായ്
മാറുമ്പോൾ മനസ്സിതാ
രക്തവർണ്ണകടലായ് കലങ്ങിടുന്നു:




വെള്ളരിപ്രാവുകൾ ഹൃത്തടത്തിൽ
കൂടണയാൻ വന്നു ചേർന്നിടുമ്പോൾ
തിരകളിൽ സംഗീതം;കാറ്റിലോ താളവും
കടലൊരു കടലെരു
ശാന്തമനോഹരിയായിടുന്നു
വേദനത്തൻ കൊമ്പുകൾ മനമോടു
ചേരുമ്പോൾ തിരകൾ
ഘോരഘോരാന്തരം ഉയരുന്നു

കാളിയമർദ്ദനമാടുന്ന കടൽച്ചുഴികൾ
പ്രണയാർദ്ര നിലാവുകൾ
മനസ്സിനെ ഉണർത്തുമ്പോൾ
സിന്ദൂര നദിയിൽ സ്നാനംപുൽകി
കടലൊരു കാമിനിയായിരുന്നു

പ്രതീക്ഷകൾ പുൽകുമ്പോൾ
മനസ്സിലെ തിരകൾ താളംമിട്ടി
ഒഴുകുന്നു;കടലിലെ തിരകൾ
വിശ്വമനോഹരിയായിടുന്നു.
ഒടുവിലാ അന്ത്യനിമിഷത്തിൽ
സർവ്വവും ത്യജിച്ചവടങ്ങുമ്പോൾ
അന്ത്യവസാനമായി കടൽ
ശാന്തസുമോഹനിയായി മാറിടുന്നു...

മനസ്സാണ കടൽ;കടലാണ മനസ്സ്
നവരസഭാവങ്ങൾ ചാലിച്ചെഴുതിയ
ജീവിതമാകുന്ന കടൽ;
അനന്തമായൊരു സ്വപ്നക്കടീരം
നിരവധി വേഷങ്ങൾ കെട്ടിയാടുന്ന
കടലാണ് മനസ്സ്
വേഷത്തിനൊത്ത് ഭാവങ്ങൾ മാറുന്ന
കണ്ണീർ കടലാണ് ജീവിതം.



**സയന സുനീഷ്**
**9 E**


Fathima Farhana.k
IX.F
FARHANA.K

# ആത്മനെഞ്ചകത്തിൽ നിന്ന്

മനസ്സിന്റെ ഉള്ളം
നിലാവായ് തുടിപ്പൂ
സ്നേഹത്തിൻ പൂമൊട്ടുകൾ
വിരിയുന്നതായി കണ്ടപ്പോൾ
ആത്മബന്ധത്തിൻ
താരങ്ങൾ തെളിഞ്ഞു
ആലോലം ആറെണ്ണമായി
വിരിയുന്ന പൂച്ചെണ്ടുകൾ
സ്നേഹത്തിനൊപ്പമായി
സ്നേഹത്തിൻ വാടാമലരുകൾ
മിന്നാരമായി തുടിപ്പൂ.



**ഹൃദ്യ രാജ്**
**9 F**

# മുത്തശ്ശിമാവ്

മഞ്ചാടികുന്ന് എന്നപേരുള്ള ഗ്രാമം. ഇവിടുത്തെ പ്രത്യേകത എന്നുവെച്ചാൽ ഇവിടെ നിറയെ മൃഗങ്ങളാണ്. മനുഷ്യ മനസിനേക്കാൾ നന്മയുള്ള മൃഗങ്ങൾ. ഈ ഗ്രാമത്തിന് നടുവിലായ് ഒരു മുത്തശ്ശിമാവുണ്ട്. കഥ കേൾക്കണമെന്ന് തോന്നുമ്പോൾ മൃഗങ്ങളെല്ലാം മുത്തശ്ശിമാവിനടുത്തെത്തും. മുത്തശ്ശി മാവിനറിയുന്ന കാര്യങ്ങൾ മൃഗങ്ങൾക്ക് പറഞ്ഞുകൊടുക്കും. അങ്ങനെ മുത്തശ്ശിമാവും മൃഗങ്ങളുമായുള്ള സൗഹൃദം വളർന്നുകൊണ്ടേയിരുന്നു.

ഒരു ദിവസം കുഞ്ഞൂട്ടൻ എന്നു പേരുള്ള കുറുക്കൻ കഥ കേൾക്കാനായി മുത്തശ്ശിമാവിനടുത്തെത്തി. കുഞ്ഞൂട്ടൻ മാവിന്റെ അടുത്തെത്താനായപ്പോൾ രണ്ടു മനുഷ്യരെ കണ്ടു. അവർ മുത്തശ്ശിമാവിനെക്കുറിച്ചാണ് പറയുന്നത് എന്ന് കുഞ്ഞൂട്ടൻ മനസ്സിലാക്കി. മുത്തശ്ശിമാവിനോട് അത് പറയെട്ടായെന്ന് കുഞ്ഞൂട്ടൻ വിചാരിച്ചു. പിറ്റേ ദിവസം കുക്കു എന്ന മാൻ മുത്തശ്ശിമാവിനടുത്തെത്തി.അപ്പോൾ കുക്കുവും ആ രണ്ട് മനുഷ്യരെ കണ്ടു. മാൻഅത് തങ്ങളിൽ എറ്റവും ബുദ്ധിമാനായ കരടി മുരുകനോട് കാര്യം പറഞ്ഞു. ഇത് അറിഞ്ഞപ്പോൾ മുരുകൻ പറഞ്ഞു അവരുടെ ഉദ്ദേശം മുത്തശ്ശിമാവിനെ നശിപ്പിക്കാൻ ആയിരിക്കുമെന്ന് മുരുകൻ കുക്കുവിനോട് പറഞ്ഞു. അങ്ങനെ അവർ മുത്തശ്ശിമാവിനെ രക്ഷിക്കുവാനായി ഒരു രാജ്യസഭ ചേർന്നു. സിംഹം പറഞ്ഞു നമ്മുക്ക് എങ്ങനെയെങ്കിലും മുത്തശ്ശിമാവിനെ രക്ഷിക്കണമെന്ന് അതിനായി അവർ ഒരു പദ്ധതി തയ്യാറാക്കി.




നടന്ന കാര്യങ്ങളെല്ലാം പറയാനായി മുത്തശ്ശിമാവിന്റെ അടുത്ത് മൃഗങ്ങളെല്ലാം എത്തി. അവർ മാവിനോട് കാര്യങ്ങളും

അവരുടെ പദ്ധതിയും പറഞ്ഞു. മുത്തശ്ശിമാവ് പറഞ്ഞു: അരുത് കൂട്ടുകാരെ അങ്ങനെ ചെയ്യരുത്. കാരണം അവർ എന്നെ നശിപ്പിക്കാൻ വന്നതല്ല. അവർ വലുതായപ്പോൾ എന്നെ കാണാൻ വന്നതാണ്. അവർ ചെറുപ്പത്തിൽ ഈ തണലിൽ കിടന്നുറങ്ങി എന്റെ മാങ്ങ ഭക്ഷിച്ച് ഇവിടെ കളിച്ചു വളർന്ന കുട്ടികളാണ്. അവരെ നിങ്ങൾ ഒന്നും ചെയ്യരുത്. മുരുകൻ പറഞ്ഞു. ഇല്ല ഞങ്ങൾ ഒന്നും ചെയ്യില്ല. മുത്തശ്ശിമാവ് അവരുടെ സ്നേഹത്തിന് നന്ദി പറഞ്ഞു. പിന്നീട് മൃഗങ്ങളും മാവും സുഹൃത്തുക്കളായി വളർന്ന് പോയി.



**ഐശ്വര്യ കെ. ജിൽസ്**
**9 A**


by
Alviya. k.s

# അമ്മ

അമ്മയുടെ സ്നേഹം
ഒരാകാശം പോലെ
അമ്മയുടെ സ്നേഹം
ഒരു താരാട്ടുപോലെ
അമ്മയുടെ മിഴിനീർ
കടൽപോലെ എന്നും
അമ്മയുടെ മിഴിനീർ
സ്നേഹത്തിൻ ദീപം



മകളായി ഭാര്യയായി അമ്മയായി
അവൾ മായുന്നു ഈ ഭുവിൽ നിന്നും.....
എന്നാലും തൻ സ്നേഹമെന്നും.....
അവൾ ചൊരിയുന്നു തൻ മക്കളിൽ.....
കാരുണ്യമേകി.....സ്നേഹമേകി.....
അമ്മ അമ്മയായി മാറുന്നു...ഭുവിൽ....

അമ്മയുടെ സ്നേഹം
ഒരു ആശ്വാസമായി.....
അമ്മയുടെ ശബ്ദം
ഒരു വിശ്വാസമായി....

**ദിയാ റോസ് മാത്യു**
**8 E**

# ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ

ജനാധിപത്യം ഒരു ഭരണക്രമമല്ല.ചില സാമൂഹിക മൂല്യങ്ങളുടെ അടിസ്ഥാനത്തിലുള്ള ജീവിതക്രമമാണ്. ഇക്കാര്യത്തിലേക്ക് വിരൽചൂണ്ടുന്നതാണ് പ്രസിദ്ധ രാഷ്ട്രമീമാംസകനായ ജെ.ഡബ്ലിയു.ഗാർനറിന്റെ ഈ അഭിപ്രായം."ഒരു ഭരണക്രമമായിട്ടാണ് സാധാരണ ജനങ്ങൾ ജനാധിപത്യത്തെ മനസ്സിലാക്കുന്നത്.എന്നാൽ ജനാധിപത്യം ഒരു പ്രത്യേകതരം ഭരണക്രമം മാത്രമല്ല.അത് ഒരേ സമയം ഒരു രാഷ്ട്രീയ പദവിയും നൈതിക സങ്കല്പവും സാമൂഹ്യ പരിസ്ഥിതിയും ആകുന്നു."




ജനാധിപത്യത്തിന് ഒട്ടനവധി സവിശേഷതകൾ ഉണ്ട്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം,മൗലികവകാശങ്ങൾ, സാമൂഹിക നീതി, സ്വതന്ത്രമായ നീതിന്യായവ്യവസ്ഥ എന്നിവ അത് വിഭാവനം ചെയ്യുന്നു.അതു കൊണ്ട് ജനാധിപത്യം പുലരിന്നിടത്ത് എല്ലാവർക്കും അവസരങ്ഭൾ ലഭ്യമാണ്.ജനങ്ങൾ ഉത്തരവാദിത്വം പങ്കുവയ്ക്കുന്നു.ഭൂരിപക്ഷാഭിപ്രായത്തെ അംഗീകരിക്കുമ്പോഴും അത് ഏവരുടെയും അഭിപ്രായത്തെ മാനിക്കുകയും ചെയ്യുന്നു.സമസ്ത ജനങ്ങളുടെയും നേരിട്ടുള്ള പങ്കാളിത്തമാണ് തത്വത്തിൽ ജനാധിപത്യത്തിന്റെ കാതൽ.

ലോകത്തിലെ ഏറ്റവും ശ്രേഷ്ഠവും ബൃഹത്തായതുമായ ജനാധിപത്യ രാഷ്ട്രമാണ് ഇന്ത്യ. ഇന്ത്യയിൽ നിലനിൽക്കുന്നത് പ്രാധിനിത്യ ജനാ ധിപത്യ വ്യവസ്ഥയാണ്.ഇന്ന് ലോതത്തെമ്പാടുമുള്ള ജനാധിപത്യം നേരിടുന്ന പ്രധാന വെല്ലുവിളി ഭരണകൂടം ജനങ്ങളിൽനിന്ന് അന്യമായിക്കൊണ്ടിരിക്കുന്നതാണ്.ജനഹിതങ്ങൾ പാലിക്കുന്നതി-നേക്കാൾ അധികാരം ദുർവിനിയോഗം ചെയ്ത് സ്ഥാപിതതാത്പര്യങ്ങൾ

സംരക്ഷിക്കുന്നതിലാണ് പല ഭരണകൂടങ്ങൾക്കും താത്പര്യം. പ്രാദേശികവികസനസങ്കൽപ്പം ഏതാണ്ട് അപ്രത്യക്ഷമായിക്കഴിഞ്ഞു. തീവ്രവാദവും ഭീകരവാദവും ജാതീയതയും ആഗോളവത്കരണവും സാമ്രാജത്വ കടന്നുകയറ്റവും ജനാധിപത്യത്തെ തകർത്തുകൊണ്ടിരിക്കുകയാണ്.

തൊഴിലില്ലായ്മ,രാഷ്ട്രീയ അസ്ഥിരത,അശാസ്ത്രീയമായ കൂട്ടുകക്ഷിഭരണം,രാഷ്ട്രീയസദാചാരമില്ലായ്മ,കുറ്റമാറ്റവും കുതിരക്കച്ചവടവും, നിരക്ഷരത,പ്രാദേശികവാദം- ഇങ്ങനെ ജനാധിപത്യത്തെ കശാപ്പുചെയ്യുന്ന പ്രവണതകൾ ഇന്ന് നമുക്കുചുറ്റും കരാളഹസ്തങ്ങളുയർത്തി നിൽക്കുകയാണ്.മതനേതാക്കാൻമാരും രാഷ്ട്രയപ്രവകർത്തകരും തമ്മിലുള്ള അവിഹിതമായ കൂട്ടുകെട്ട് ഇന്ത്യൻ ജനാധിപത്യത്തെ ആഴത്തിൽ മുറിവേൽപ്പിച്ചിരിക്കുന്നു. ജാതിവ്യത്യാസത്തെയും വർഗവ്യത്യാസത്തെയും അതിജീവിച്ച ഇന്ത്യൻ ജനാധിപത്യം ഇന്ന് വർഗീയതയുടെ നീരാളിപ്പിടുത്തത്തിൽ അമർന്നിരിക്കുകയാണോ?ജനാധിപത്യത്തിന്റെ സിരാകേന്ദ്രമായ പാർലമെന്റിൽ ജനങ്ങൾക്കുവേണ്ടി ഒരു ചോദ്യം ഉന്നയിക്കുന്നതിനു പോലുംകൈക്കൂലി വാങ്ങുന്ന ജനപ്രതിനിധികൾ ഉള്ള നാടായി നമ്മുടെ ഇന്ത്യ അധ:പതിച്ചിരിക്കുന്നു.

മാറ്റത്തിനുള്ള സമയമായി.ജനാധിപത്യത്തെ തകർക്കുന്ന ഇത്തരം പ്രവണതകൾക്കതിരേ നമുക്കു സടകുടഞ്ഞ് എഴുന്നെൽക്കാം.അഴിമതിയിൽ മുങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്തെ ശുദ്ധീകരിക്കാം.അങ്ങനെ ഗാന്ധിജി, നെഹ്റു, തിലകൻ, ശ്രീനാരായണ ഗുരു തുടങ്ങിയ മഹാൻമാരുടെ സ്വപ്നത്തിൽ ഉണ്ടായിരുന്ന നമുക്ക് നമ്മുടെ നാടിനെ മാറ്റാം.



**ജിസ് പോൾ**

**9 A**

# മഴയുടെ പങ്കവയ്ക്കൽ

വൃഷ്ടിയുടെ നിഴലിൽ യാനം തുടങ്ങിയിട്ടി-
ന്നെത്രനാളായി?
പവനനും തണുപ്പും കൂടപ്പിറപ്പായി-
ട്ടെത്രനാളായി?
ദിനകരനുമില്ല നിശാപതിയുമില്ല
ആഗന്തുകനായി കുറേയേറെ നീർത്തുള്ളികൾമാത്രം!

ആരുടെ നേത്രാംബുവിത്
ആരുടെ ക്രോധമിത്
പൂക്കൾക്ക് ചിരിയില്ല
പികത്തിനോ ഗീതവുമില്ല
ഓരോ വാസരവും ഒറ്റപ്പെടുന്നു ഞാൻ
ഗ്രീവം കൃപംപോൽ താഴുന്നിതാ!
ഗീരിതാ നിധനം തേടുന്നു....
നയനം സുരലോകം നേടിടുന്നു.....

ഇന്നു നാം കണ്ടത് ആ മഴയുടെ
കാൽചുവട്ടിൽ നീന്തി നീന്തി
കരയുന്ന മിഴികളും ഒഴുകുന്ന പുഴയും
ഈ ദിനരാത്രങ്ങളിൽ ഒന്നുപോലെ.....



**അബിഷ ജോസഫ്**
**9 F**



# വാനപ്രസ്ഥം - ആസ്വാദനക്കുറിപ്പ്

വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭാശാലിയാണ് എം.ടി വാസുദേവൻ നായർ. അദ്ധ്യാപകൻ, കഥാകൃത്ത്,നോവലിസ്റ്റ്,തിരകഥാകൃത്ത്,സിനിമാ സംവിധായകൻ എന്നി നിലകളിൽ പ്രശസ്തനാണിദ്ദേഹം.ഇന്ത്യയിലെ പരമോന്നത സാഹിത്യ പുരസ്കാരമായ ജ്ഞാനപീഠ പുരസ്കാരമുൾപ്പെടെ നിരവധി ബഹുമതികൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

ഓടക്കുഴൽ അവാർഡ് ലഭിച്ച എം.ടിയുടെ കൃതിയാണ് വാനപ്രസ്ഥം.മനസ്സിൽ കൊണ്ട പ്രണയത്തിന് മുകളിൽ കാലത്തിന് ഒരുകൊത്തുവേലയും ചെയ്യാനാവില്ലെന്ന് വായനക്കാരെ നിരന്തരം ബോധ്യപ്പെടുത്തുന്ന കൃതിയാണ് വാനപ്രസ്ഥം.വളരെ ഹൃദ്യവും ലളിതവുമായ രീതിയിൽ തന്നെ കഥ ആവിഷ്ക്കരിച്ചിരിക്കുന്നു.കഥയിലെ നായകനായ മാസ്റ്റർ,ഭാര്യ അമ്മാളു,മകൾ രധിക,നായികയായി വിനോദനി തുടങ്ങിയവരാണ് ഈ കഥയിലെ മുഖ്യ കഥാപാത്രങ്ങൾ.

കഥയിലെ മുഖ്യകഥാപാത്രമായ മാസ്റ്റർ അമ്പലത്തിൽ തൊഴാൻ എത്തുന്നതോടെ കഥ ആരംഭിക്കുന്നു.തൊഴാൻ എന്നതിനപ്പുറം തന്റെ പഴയ ശിഷ്യയായ വിനോദിനിയെ കാണുക എന്നതാണ് മാസ്റ്ററുടെ ലക്ഷ്യം.അമ്പലപരിസരത്തൊക്കെ തിരഞ്ഞെങ്കിലും അവളെ കാണാൻ കഴിഞ്ഞില്ല.ഒടുവിൽ അമ്പലത്തിൽ നിന്ന് മടക്കബസ്സുകളുടെ സമയം അന്വേഷിക്കാനായി ലോഡ്ജിൽ എത്തിയപ്പോഴാണ് പ്ലാസ്റ്റിക് പാത്രങ്ങളും ഭഗവതിയുടെ ചില്ലിട്ട പടങ്ങളും വിൽക്കുന്ന കടയിൽ പഴയ ശിഷ്യയായ വിനോദിനിയെ മാസ്റ്റർ അപ്രതീക്ഷതമായി കാണുന്നത്. തുടർന്ന് അവർ തമ്മിലുള്ള സംഭാക്ഷണങ്ങൾ വളരെ ലളിതമായി തന്നെ കഥാകൃത്ത് വിവരിച്ചിരിക്കുന്നു.പുരുഷോത്തമൻ അടിയാൾടെ വീട്ടിലാണ് വിനോദിനി താമസമെന്നും ചുറ്റമ്പലത്തിന് തൊട്ടടുത്തു തന്നെയാണ് വീടെന്നും മാഷ് ചോദിച്ചറിയുന്നു.വളരെ കാലത്തിനു ശേഷം കണ്ടുമുട്ടിയപ്പോൾ വിനോദിനിയിലുണ്ടായ മാറ്റം മാസ്റ്റർക്കു

പെട്ടെന്നു തന്നെ മനസ്സിലാകുന്നു.നരച്ചമുടി മഞ്ഞയായി തോന്നിയത്,സംസാരിക്കുമ്പോൾ അണപ്പല്ലിലൊന്നു പോയ വിടവ്,മാറ്റമില്ലാത്ത വെള്ളാരം കണ്ണുകൾ തുടങ്ങിയവ വായനക്കാരിൽ പുതിയൊരനുഭൂതി സൃഷ്ടിക്കുന്നു.

വിനീത ശിഷ്യ എന്ന മേൽ വിലാസത്തിൽ മാസ്റ്റർക്ക് വിനോദിനിയുടെ കത്തിനെക്കുറിച്ചും കഥാകൃത്ത് വിവരിക്കുന്നു. വിനോദിനിയുടെ ന്യൂഇയർ കാർഡ് വരുമ്പോൾ മാസ്റ്ററുടെ വീട്ടിൽ ഭാര്യ അമ്മാളുവിന്റെയും മകളുടെയും വിനീത ശിഷ്യയെപ്പറ്റിയുള്ള പരിഹാസവും ചിരിയുമൊക്കെ ഉണ്ടാകുമെന്നത് വായനക്കാരെ ആവേശഭരിതരാക്കുന്നു. വർഷങ്ങൾക്കു ശേഷം അധ്യാപകർക്കുള്ള അവാർഡ് കിട്ടിയപ്പോളായിരുന്നു വിനോദിനി മാസ്റ്റർക്ക് എഴുതുന്ന ആദ്യത്തെ കത്ത്.കത്തിലെ ഏറ്റവും അടിയിലെ വരിയായ 'വിനിത ശിഷ്യ വിനോദിനി'എന്ന വാക്യത്തിലേക്കുള്ള ആദ്യത്തെ നോട്ടവും വായനക്കാരെ ആകർഷിക്കുന്നു.




കുടജാദ്രിയിലേക്കുള്ള യാത്രയാണ് കഥാകൃത്ത് പിന്നീട് വിവരിക്കുന്നത്.വിനോദിനിയുമൊത്തുള്ള യാത്രക്കുവേണ്ടി തന്റെ കൂടെ ഉണ്ടായിരുന്ന കുമാരൻകുട്ടിയെ കൂടെ കൂട്ടാതിരിക്കുവാനുള്ള മാഷിന്റെ ശ്രമവും കഥയിൽ പ്രതിപാദിക്കുന്നു.യാത്രക്കിടയിലുള്ള അവരുടെ സംസാരം വായനക്കാരിൽ പുതിയൊരനുഭവം സൃഷ്ടിക്കുന്നു.വിനോദിനിയുടെ ജോലിയെക്കുറിച്ചും അവർക്കു ലഭിക്കുന്ന തുച്ഛമായ ശമ്പളത്തെക്കുറിച്ചും കേൾക്കുമ്പോൾ മാസ്റ്റർക്കു അത്ഭുതം തോന്നുന്നു.വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്നവളായി വിനോദിനിയെ കഥയിൽ പ്രതിപാദിക്കുന്നു.അവളുടെ വിഷമം നിറഞ്ഞ കുടുംബകാര്യങ്ങൾ പറയുമ്പോൾ മുപ്പത്തിയാറ് വർഷങ്ങൾക്കു ശേഷമുള്ള ഈ യാത്രയിൽ പഴയകാലത്തെക്കുറിച്ചുള്ള നല്ല കാര്യങ്ങൾ വിനോദിനിയിൽ നിന്നും

കേൾക്കുവാൻ മാസ്റ്റർ ആഗ്രഹിക്കുന്നു.മറ്റാരും ഇല്ലാതെ അവർ രണ്ടു പേരും മാത്രമാവുമ്പോൾ എന്തെങ്കിലും സംസാരിക്കാലോ എന്നുള്ള വിനോദിനിയുടെ വാക്കുകളിൽ മാസ്റ്റർ ഉത്സാഹഭരിതനാകുന്നു.
ഒളിച്ചുകളിയുടെ രസം. ഒരു രഹസ്യത്തിന്റെ സാഹസമുണ്ടീ യാത്രയിൽ.വിനോദിയോട് കല്യാണം കഴിക്കാത്തതിനെക്കുറിച്ച് ചോദിക്കുമ്പോൾ ഭയന്നപോലെ മുഖം താഴ്ത്തിയില്ല. ദുഖിച്ച് അസ്വസ്ഥയായതുമില്ല.'ആദ്യം ചിലതൊക്കെ വന്നു.ഒന്നും ശരിയായില്ല.ശുദ്ധജാതകമാണത്രേ.ശുദ്ധജാതകക്കാർ വന്നാലല്ലേ ചേരൂ. ശുദ്ധജാതകക്കാർ അധികം ഉണ്ടാവില്ലല്ലോ 'എന്ന അവരുടെ മറുപടി വായനക്കാരെ ചിന്താഭരിതരാക്കുന്നു.

അവർ യാത്ര ചെയ്യുന്ന റോഡിന്റെ പരിതാപകരമായ അവസ്ഥയും കഥാകൃത്ത് ചൂണ്ടിക്കാട്ടുന്നു.ഇടയ്ക്കിടെ റിവേഴ്സെടുത്ത് വീണ്ടും കയറ്റിയാലേ വണ്ടി മുകളിലേക്ക് എടുക്കാൻ പറ്റൂ.തിരുവുകളിൽ കരിങ്കൽച്ചില്ലുകൾ വക്കിനടുത്ത് അട്ടിയിട്ടാണ് കൊല്ലിയിലേക്ക് തെന്നിപ്പോകുന്ന അപകടം ഒഴിവാക്കുന്നത്. സീറ്റിൽ കുറേക്കൂടി അടുത്തടുത്തായിരുന്ന് സംസാരം തുടർന്നുകൊണ്ടിരുന്നു.ഒടുവിൽ കയറ്റം കഴിഞ്ഞ് വണ്ടി മുകളിലെത്തിക്കഴിഞ്ഞു.അതുതന്നെ ദേവസ്ഥാനം,ഇതാണ് കുടജാദ്രി ഡ്രൈവർ വിളിച്ചു പറഞ്ഞു.ഒരു കൊട്ടുമുടി തുടങ്ങുന്നേടത്ത് മുകളിലായി അവിടെ നിൽക്കുന്നു.ഇവിടെയുള്ള കാഴ്ചകൾ പ്രകൃതിരമണീയമായി ആവിഷ്കരിച്ചിരിക്കുന്നു.മുന്നിൽ താഴ്വരകൾ,അകലെ അടിവാരത്തിലെ വയലുകളുടെ തവിട്ടുകള്ളികൾ വിനോദിനി തുണിസഞ്ചിയും എടുത്ത് ചവിട്ടുപടിമേൽ കാലുറപ്പിക്കാൻ സാരിത്തുമ്പൊതുക്കി എടുത്തു പിടിക്കുമ്പോൾ അടിപ്പാവാടയുടെ അറ്റത്തെ കീറിയ ലെയ്സ് അവളുടെ സാമ്പത്തികബുദ്ധിമുട്ടിനെ ചൂണ്ടിക്കാട്ടുന്നു. ഭട്ടരുടെ വീട്ടിലായിരുന്നു അവരുടെ വിശ്രമം.കുടജാദ്രിയിലെ ക്ഷേത്രങ്ങളെക്കുറിച്ചും അവിടെയുള്ള സ്ഥലങ്ങളെക്കുറിച്ചും ഭട്ടരേ അവർക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നു. സർവപീഠം,അവിടെ നേരെ താഴെയായി ആചാര്യസ്വാമി തപസ്സ്ചെയ്ത ചിത്രമൂല,തുടങ്ങിയ തീർത്ഥാടനകേന്ദ്രങ്ങളിലേക്കായിരുന്നു അവരുടെ

യാത്ര.വളരെപ്രയാസപ്പെട്ടവർ സർവജ്ഞപീഠം കയറി.പിന്നീട് കരിങ്കൽകെട്ടിന്റെ ചുവട്ടിലായി മാസ്റ്ററും വിനോദിനിയും വിശ്രമിക്കാനിരിക്കുന്നു.ആ വിശ്രമത്തിനടയിൽ അവർക്ക് വർഷങ്ങൾ വെള്ളിയാടകൾ പോലെ പെട്ടന്നു അടർന്നു വീണു.മനസ്സിൽ തട്ടിയ അവരുടെ പ്രണയജീവിതത്തിലേക്ക് കഥാകൃത്ത് വായനക്കാരെ കൂട്ടിക്കൊണ്ടു പോകുന്നു.ഒടുവിൽ വർഷങ്ങൾ പെട്ടന്ന് കടന്നു പോയതിന്റെ നെടുവീർപ്പും അവരിൽ അനുഭവപ്പെടുന്നു.തുടർന്ന് ചിത്രമൂലയിലേക്കുള്ള വഴി ക്ലേശം നിറഞ്ഞതിനാൽ അവർ മടക്കയാത്ര ആരംഭിക്കുന്നു.

വടിയും കുത്തിപ്പിടിച്ചുള്ള ആ നടത്തം വാനപ്രസ്ഥത്തിന്റെ തുടക്കമാണെന്ന് തോന്നു വിധം അദ്ദേഹം വിവരിച്ചിരിക്കുന്നു.ആ നടത്തത്തിലും അവരുടെ ജോലിസംബന്ധമായ കാര്യങ്ങളും മറ്റും തുടർന്നു കൊണ്ടിരിക്കുന്നു.അമ്പലത്തിലെത്തിയ മാസ്റ്ററോട് പൂജയ്ക്കു സമയമായി എന്നും ഭാര്യ വന്നില്ലെ എന്നുമുള്ള ചോദ്യവും വായനക്കാരിൽ ആവേശമുളവാക്കുന്നു.അവിടെയുള്ള താഴ്വരയും കാടുകളുമൊക്കെ പ്രകൃതിരമണീയമായ രീതിയിൽ ചിത്രീകരിച്ചിരിക്കുന്നു.അമ്പലത്തിലെ പൂജ കഴിഞ്ഞ ശേഷം ഭട്ടരുടെ വീട്ടിലുള്ള ആ രാത്രി വായനക്കാരിൽ പുതിയൊരനുഭവം ഉണ്ടാക്കുന്നു.അവർക്കുവേണ്ടി അമ്പലക്കാർ നടത്തിയ ദമ്പതിപൂജയും കഥാകൃത്ത് എടുത്തുപറയുന്നു.ആ വീട്ടുകാരോട് യാത്ര പറഞ്ഞ് കുടജാദ്രിയിൽ നിന്ന് മടക്കയാത്ര ആരംഭിക്കുന്നു.മാസ്റ്ററുടെയും വിനോദിനിയുടെയും മനസ്സിൽത്തട്ടിയ ആ പ്രണയം വിവരിക്കുന്ന 'വാനപ്രസ്ഥം' വായനക്കാരിൽ ഏറെ സ്വാധീനം ചെലുത്തുന്ന ഒരു കൃതിയാണ്.



**ഉമൈമത്ത്**
**10 C**

# നവകേരളം സൃഷ്ടിക്കാം

മതമെവിടെ ജാതിയെവിടെ
പ്രളയം കാർന്നു തിന്നു ജാതിയെ,
മാനവർ കുഴിച്ചുമൂടി മതത്തെ.
ഒരു ജീവൻ ഒരു പ്രാണൻ
ഒരു ജാതി ഒരു മതം
അതിജീവനത്തിന്റെ മതം

നവകേരളത്തിന്റെ ജാതി
ഒരു നാളിൽ പുച്ഛിക്കപ്പെട്ടവർ
ഇന്നിവിടെ രക്ഷകരായി
മുക്കുവർ ദൈവദൂതരരായി
മതവും ജാതിയും നോക്കിടാതെ
പ്രാണനു വേണ്ടി പിടഞ്ഞപ്പോൾ
കരകേറ്റിത്തന്നവരെ മറന്നീടല്ലേ.

പ്രളയമെടുത്ത ജീവൻ
മതമില്ലാത്തൊരു ജീവൻ.
പതിയെ മറന്നുവാ നാളുകളെ
ജാതിയും മതവും തിരികെയെത്തി
ജാതിയാലും മതത്താലുമല്ലാ
സ്നേഹം കൊണ്ടു സൃഷ്ടിക്കാം,
നവകേരളം.

**അശ്വിൻ ജോസഫ് വടക്കൻ**
**(പൂർവ്വ വിദ്യാർത്ഥി)**




Krishnapriya PS
X th E



# എൻ പ്രകൃതി

സൂര്യവർണ്ണപത്താൽ വെട്ടിത്തിളങ്ങുന്ന
പുല്ലിലൊളിച്ചതാ മറ്റൊരുത്തി..........
വിണ്ണിൽ ജനിച്ചതാ മണ്ണും നനയ്ക്കുന്ന
വാനലോകത്തെ സ്ഥിരം സുന്ദരി....

പച്ചിലച്ചാർത്തിന്റെ പെത്തിലെളിച്ചൊരു
കൊട്ടു മിട്ടുക്കിയാം പെണ്ണൊരുത്തി..........
ആ പണ്ണിന്റെ പേരുതൻ
എൻ പ്രകൃതി

**തസ്നി.കെ**
**9 D**



# സത്യസന്ധത തെളിയിച്ച സൂര്യകാന്തി

ഒരു രാജകുമാരനായിരുന്നു വിജയകുമാർ. വിജയകുമാറിന് വിവാഹം കഴിപ്പിച്ചു കൊടുക്കുന്നതിനെക്കുറിച്ച് രാജാവ് ഭാര്യയോട് സംസാരിക്കുന്നത് വിജയകുമാർ കേൾക്കാനിടയായി. വിജയകുമാർ രാജാവിനോട് പറഞ്ഞു:അല്ലയോ, പിതാവേ, അങ്ങ് അമ്മയോട് എന്റെ വിവാഹത്തെക്കുറിച്ച് സംസാരിക്കുന്നത് ഞാൻ കേട്ടു. അങ്ങയുടെ ആഗ്രഹത്തിന് ഞാൻ എതിരല്ല. പക്ഷെ സത്യസന്ധതയുള്ള ഒരു പെൺ കുട്ടിയെ മാത്രമേ ഞാൻ വിവാഹം ചെയ്യുകയുള്ളൂ....

എങ്കിൽ കുമാരാ, നീ തന്നെ പറയൂ എങ്ങനെയാണ് നാം ആ പെൺകുട്ടിയെ കണ്ടെത്തുന്നത്?അതിനൊരു വഴിയുണ്ട്. കുമാരൻ പദ്ധതി അച്ഛനോട് വിശദീകരിച്ചു കൊടുത്തു.



പിറ്റേ ദിവസം രാജാവ് ഒരു വിളംബരം നടത്തി. എന്തെന്നാൽ, ഈ നാടിലെ വിവാഹപ്രായമെത്തിയ എല്ലാ പെൺകുട്ടികളും നാളെ കൊട്ടാരത്തിൽ ഹാജരാവുക. നിങ്ങളിൽ ഒരാളായിരിക്കും കുമാരന്റെ വധു. അടുത്ത ദിവസം അടുത്തദിവസം തന്നെ ആ നാട്ടിലെ എല്ലാ പെൺകുട്ടികളും കൊട്ടാരത്തിലെത്തി. എല്ലാവരും ആകാംക്ഷയോടെ കാത്തുനിന്നു. കൊട്ടാരത്തിലെത്തിയ പെൺകുട്ടികൾക്ക് രാജകുമാരൻ ഓരോ സൂര്യകാന്തിചെടിയുടെ വിത്തുനൽകി. എന്നിട്ട് പറഞ്ഞു: മൂന്ന് മാസം കഴിഞ്ഞ് ആരാണോ ഏറ്റവും കൂടുതൽ സൂര്യകാന്തി കൊണ്ടുവരുന്നത് അവളായിരിക്കും എന്റെ വധു. മാസങ്ങൾ കടന്നുപോയി.

കുമാരൻ പറഞ്ഞ ദിവസമെത്തി. വളരെയധികം പ്രതീക്ഷയിൽ പെൺകുട്ടികളിൽ പലരും ധാരാളം സൂര്യകാന്തി പൂക്കളുമായെത്തി. എന്നാൽ പാവം കർഷകനായ ദാസന്റെ മകൾ ലക്ഷ്മി

മാത്രം വെറും കയ്യോടെ നിൽക്കുന്നതുകണ്ട് മറ്റുള്ളവർ അന്തംവിട്ടു. അങ്ങനെ രാജകുമാരനെത്തി. പൂക്കൾ പരിശോധിച്ചു. കൂടുതൽ പൂക്കൾ കൊണ്ടുവന്ന പലരും തന്നെ റാണിയാക്കുമെന്ന് പ്രതീക്ഷിച്ചു.

പൂക്കളൊന്നുമില്ലാതെ നിൽക്കുന്ന ലക്ഷ്മിയെ കണ്ട് കുമാരൻ ഗൗരവത്തിൽ ചോദിച്ചു. നിന്റെ പൂക്കളെവിടെ? വളരെ പേടിയോടെ ലക്ഷ്മി പറഞ്ഞു. എനിക്ക് തന്ന വിത്തുകളൊന്നും മുളച്ചില്ല. പിന്നെ ഞാനെങ്ങനെ പൂക്കൾ കൊണ്ടുവരും. കുമാരൻ മനസ്സിൽ പറഞ്ഞു. നിന്റേതുമാത്രം എന്തേ മുളച്ചില്ല. നീ നന്നായി നോക്കാത്തതു കൊണ്ട് ആയിരിക്കും.

വിജയകുമാർ അകത്തേക്ക് പോയി. പെൺകുട്ടികൾ പ്രതീക്ഷയോടെയും ആകാംക്ഷയോടെയും കാത്ത് ഇരുന്നു. ഉടൻ രാജാവും രാജ്ഞിയുമൊത്ത് രാജകുമാരൻ പുറത്തേക്ക് വന്നു. രാജാവിന്റെ വാക്കുകൾക്കായി പെൺകുട്ടികൾ കാത്തിരുന്നു. രാജാവ് പറഞ്ഞു: കൃഷിക്കാരൻ ദാസന്റെ മകൾ ലക്ഷ്മിയെ വധുവായി തിരഞ്ഞെടുത്തിരിക്കുന്നു. കാര്യമറിയാതെ എല്ലാവരും പരസ്പരം നോക്കി.

പിന്നീട് കുമാരൻ പറഞ്ഞു: ഞാൻ നിങ്ങൾക്ക് നൽകിയത് പുഴുങ്ങിയ വിത്താണ് അതൊരിക്കലും മുളക്കില്ല. ക്ഷ്മി ഒഴികെ മറ്റെല്ലാവരും കള്ളത്തരം കാണിച്ചു. ഇത് കേട്ട എല്ലാവരും നാണിച്ചു തലതാഴ്ത്തി. പിന്നീട് ലക്ഷ്മിയുടേയും രാജകുമാരന്റേയും വിവാഹം നടന്നു. അവൾ ദൈവത്തിന് നന്ദി പറഞ്ഞു. മറ്റുള്ള പെൺകുട്ടികൾ ഇനിയൊരിക്കലും കള്ളത്തരം കാണിക്കുകയില്ലന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്തു.



**ഫാത്തിമ ഫർഹാന. കെ**
**9 F**

# എങ്ങോട്ട് ?


അമ്മ തോട്ടിലിൻ ചൂടറിഞ്ഞ നേരം
ജ്യാതിയായിരുന്നു ചായുറങ്ങാൻ...
ഹൃദയം തകർത്തൊഴുകിയ സ്നേഹം
അറിയാതെ പോയി ഞാൻ മനധാരിലിന്ന്
പതിയെ മറന്ന സ്നേഹവും ചൂടും
ജീവിത പങ്കാളി വന്ന നേരം.
മണ്ണും പണവും പിടിച്ചടക്കി ഞാൻ
കാലത്തിനൊപ്പം നടന്നുവന്നു.
പക്ഷെ.......

ഇന്നു ഞാൻ വന്നു
എന്നമ്മയെ കാണാൻ കബറിടത്തിൻ
വാതിൽക്കൽ മരവിച്ച മനസ്സുമായി.
ഞാൻ അമ്മയെ തനിച്ചാക്കി പോയ നേരം
എന്നെ തനിച്ചാക്കി അമ്മപോയി.
ഇനിയില്ല വസന്തം, ഇനിയില്ലാ ജീവിതം.
ആ തിരു-മനം അറിയാതെ പോയ
മനുഷ്യാ നീ എങ്ങോട്ട്?



**ആശ ജോസഫ്**
**9 E**

ആധുനിക ലോകം ഇനി high tech യുഗത്തിലേക്ക്



Anand Reji
IX F

# നഗരവീഥിയിലെ പൈപ്പ്

കരവും മനസ്സും സ്വവർഷിച്ച കൈപിടി
പഴകി തഴഞ്ഞ് പോയ് ഏറെ കറെ
മനുഷ്യന്റെ മനസ്സും ദുഃഖവും കഷ്ടതയും
ഇഷ്ടവും അറിയിന്നു ഞാൻ ചിരഞ്ജീവിയായ്

ഒരുപാട് ദാഹവും ക്ഷീണവും മാറ്റി ഞാൻ
എങ്കിലും ആരെയും ഓർത്തില്ലെന്നെ
അഴുക്കും ചെളിയും ചാലും വഴിക്കും
കൂട്ടിനായ് ഉണ്ട് ജനിച്ചന്ന് തോന്നും.
പൊടിയും പുറയും കൊണ്ടെന്നുടെ

തൊണ്ടയൊന്നിടറിയാൻ ആരുമേയില്ലൻ കൂടെ
നായയും അതിന്റെ തമ്മിലെ
സ്നേഹത്തിൻ ആഴവും കണ്ടു ഞാൻ ഏറെ
എന്തിനു മർത്യ നീ കോപം നിറക്കുന്നനെ-
ഞ്ചിൽ ജീവിത സുഖത്തിൻ കരിയിലാക്കായോ
ശിഥിലമാം ജീവിതം പറയുന്നു നിന്നോട്
ഇരുളിന്റെ കുഴിയിൽ നീ  വീഴല്ലേ മർത്യാ

ജീവന്റെ തുള്ളികൾ പൊഴിക്കുന്ന
ഞാൻ കേഴുന്നു ഈ വീഥിയിൽ കിടന്ന്
ഈശ്വാ നീ എന്തിനിവിടെ എന്നെ എത്തിച്ച
മതിയുടെ ലോകമായ് മാറ്റില്ലേ ഭൂമിയേ.




**മുബഷീർ**
**10 B**

# ആസ്വാദനക്കുറിപ്പ് -സാധ്യമെന്ത്

ആധുനിക കവികളിൽ ശ്രദ്ധേയമായ മാധവൻ അയ്യപ്പത്തിന്റെ "സാധ്യമെന്ത് " എന്ന കവിത മഹത്തായ ഒരു ആശയമാണ് നമുക്കു നൽകുന്നത്.ജീവിത വ്യഗ്രതകളാൽ തിരക്കിട്ടോടുന്ന നമ്മൾ നമ്മുടെ ചുറ്റുമുള്ള കാഴ്ച്ചകളും ഭംഗികളും കാണാതെ പോകുന്നു.പ്രകൃതിയുടെ ഭംഗി ആസ്വദിക്കാൻ കഴിയാത്ത നമ്മുടെ ജീവിത്തിന് എന്തർത്ഥമാണുള്ളത് എന്ന് കവി ചോദിക്കുന്നു.ജീവിതത്തെ മത്സരമാക്കി മാറ്റി വേവലാതികളുമായി ഓടുന്ന നമ്മുക്ക് ജീവിതത്തിൽ കഴിയില്ലെന്ന് കവി പറയുന്നു.

മനോഹരമായ വർണനകൾ കൊണ്ട് സമ്പന്നമാണ് ഈ കവിത.പുഞ്ചിരിതൂകുന്ന ഉഷസ് പൂവണിഞ്ഞ് ചമഞ്ഞ വനി മുത്തുകളേന്തി പുല്ലുകൾ നീരദത്തുണ്ടിൽ മാരിവില്ല് വരയ്ക്കുന്ന അന്തിക്കതിർ എന്നിവയെല്ലാം കവിതയുടെ ഭംഗി കൂട്ടുന്നു.ഈ പ്രകൃതിയിലെ ഓരോന്നും നമ്മൾ നിരീക്ഷിക്കുകയും കാഴ്ച്ചകൾ കാണാൻ ക്ഷണിക്കുകയും ചെയ്യുന്നു.സുന്ദരമായ താഴ്വരയും താമരക്കുളവുമെല്ലാം നമ്മെ ക്ഷണിക്കുന്നു.എന്നാൽ അതൊന്നും കാണാതെ തിരക്കിട്ടോടുന്ന നമ്മളെ നോക്കുകയും നിന്ദിക്കുകയും ചെയ്യുകയാണ് പക്ഷിമൃഗാദികൾ.



ജീവിതത്തെക്കുറിച്ചുള്ള വേവലാതികളാൽ നമുക്ക് ആഘോഷങ്ങൾ പോലും മത്സരത്തിനുള്ളതായി മാറിക്കഴിഞ്ഞു. പ്രപഞ്ചസൗന്ദര്യം നുകരാൻ കഴിയാത്ത നമ്മുടെ ജീവിതത്തിന്

അർത്ഥമില്ല. തിരക്കിട്ട ജീവിതത്തിനിടയിൽ നമുക്ക പലതും നഷ്ടപ്പെടും എന്നുള്ള ഓർമ്മപ്പെടുത്തലാണ് ഈ കവിത.



**ജിസ്സ വി.ജെ**

**9 A**



# സ്വപ്നകിടാവ്

ആരുമറിയാതില്ലൻ വേദന
എൻ ശ്വാസം നിലച്ചിരുന്നെങ്കിൽ
എന്നു ഞാൻ ആശിച്ചു
ഈ ദിനം ഞാൻ മറക്കാൻ ശ്രമിക്കുമ്പോൾ
അത് എൻ മനസ്സിനെ വേദനിച്ചു
ഇതൊരു സ്വപ്നമായിരുന്നെങ്കിൽ
എന്നു ഞാൻ ആശിച്ചു

മാസങ്ങളോളം ചുമന്നിതുകാലം
മാസം തികയാതെ എന്തിനുവന്നു നീ
അതല്ലെ നിൻ മരണത്തിൻ കാരണം.
ഓരോരോ ദിനവും നിനക്കു വേണ്ടി
എൻ കൈകളാൽ തുന്നിയ കുഞ്ഞുടുപ്പുകൾ
ഓരോരോ ദിനവും നിനക്കു വേണ്ടി
ഞാൻ വാങ്ങിയ വളകൾ
ഓരോരോ ദിനവും ഞാൻ കോർത്തിണ-
ക്കിയ ചെറുമാലകൾ

ഇന്ന്, ഇതെല്ലാം അനാഥയായിരുന്നുപോൽ
എന്തിനു നീ എന്നെ ആശിപ്പിച്ചു-
എൻ പൈതലാകാൻ
വേണ്ടായിരുന്നു വേണ്ടായിരുന്നു
എനിക്കിതു ഓർക്കുവാൻ കൂടിവയ്യ.



**സോന വി.ഒ**
**9 F**


# FRIENDS

*Friends are like treasures,*
*They are like pearls of our life.*
*Being with them is pleasure,a*
*Friends are our lucky charms.*

*They helps us in trouble.*
*Stand by us always*
*and brings smile to our face*
*with enthusiasm and grace.*
*Their presence never bothers us*
*But their absence kills us*
*They never cheat us*
*They are soft like bunny*
*Sweet like honey*
*When we sad,they be with us*
*When we are scared,they feel our fear.*
*It is said truly that*
*"A friend in need is a friend indeed".*



**Ann mariya john**
**9 E**



By,
Aneswara krishna

# ഇവൾ മാതൃക

അന്നവളുടെ കണ്ണ് നിറഞ്ഞു
അത് മഞ്ഞുതുള്ളിയോ
മഴനീർത്തുള്ളിയോ ആയിരുന്നില്ല.
അവളുടെ ഹൃദയമുരുക്കിയ
നൊമ്പരത്തുള്ളികളായിരുന്നത്...........
എങ്കിലും അവൾ പുഞ്ചിരിക്കുന്നുണ്ടായിരുന്നു
ഹൃദയത്തിൽ നിന്ന്.....
ആ ചിരിയിൽ
അവളുടെ ജീവിതവും
തെളിഞ്ഞുനിൽക്കുന്നതും
ഞാൻ കണ്ടു.........

അവളുടെ ശ്വാസനിശ്വാസങ്ങണിചേരുന്ന
ജ്ഞാനശൈലത്തിൽ ഞാനൊ-
ന്നുമല്ലെന്നുഞാൻ മനസ്സിലാക്കി.....
അജ്ഞാതമസ്സകറ്റിയ
അറിവിൻ നിറദീപ്തി-
കളറയിരുന്നവൾ........
നൊമ്പരങ്ങളെ പുഞ്ചിരിയാക്കി
ചിരിച്ചവൾ........
മാതൃക................

**മുഹമ്മദ് റിഷാൽ**
***9.E***



# അമ്മ മാത്രം

അന്നും മഴയായിരുമന്നു. എന്താണെന്നറിയില്ല ഈ മഴ എനിക്കിത്ര ഇഷ്ടം. കണ്ടിട്ടും കണ്ടിട്ടും മതിവരാത്ത കാഴ്ച. മരങ്ങളിൽ നിന്ന് ഒഴുകുന്ന മഴ തുള്ളിയും ഇലയും.കാഴ്ചയിൽ വർണപകിട്ട് നൽകുന്നു. എന്തെന്നറിയില്ല സ്ഥിരകാഴ്ച്ച. ഒരിക്കലും എന്നെ മടുപ്പിച്ചിട്ടില്ല. ഇന്നേക്ക് ഇരുപത്തി ഒൻപത് വർഷമായി ഈ ചക്രവണ്ടി ജീവിതം മുന്നോട്ട് നയി-ക്കുന്നത്. കൂട്ടിന് സ്നേഹം നിറക്കുന്ന അമ്മയുണ്ട്. ഞാൻ എന്നും വിചാരിക്കും എന്തിനാണ് എന്നെ ഇങ്ങനെ സ്നേഹിക്കുന്നതെന്ന്. എത്ര വേദന സമ്മാനിച്ചതാണ്.

ഞാൻ പഠിക്കുന്ന കാലത്ത് നല്ലവനാണെന്നോ പഠനത്തിൽ മികച്ചവനാണെന്നോ പറഞ്ഞ് കേട്ടിട്ടില്ല അദ്ധ്യാപകർ. എന്നും കണ്ണുനീർ മാത്രം സമ്മാനിക്കുന്ന മകൻ.




അമ്മയുടെ നല്ല ജീവിതത്തിൽ പോലും അച്ഛനില്ലാതെ എനിക്കുവേണ്ട കാര്യങ്ങൾ സാധിച്ച് തന്നിട്ടുണ്ട്. മഴയാണ് എന്റെ ഈ അവസ്ഥക്ക് കാരണം. എന്നാലും ഒരു വാക്കുകൊണ്ട് പോലും ശപിച്ചിട്ടില്ല ഈ മഴയെ. ആനന്ദവും ആഹ്ലാവും നിറഞ്ഞ എന്റെ പഴയ ജീവിതം ഈ മഴ എനിക്ക് തിരിച്ചു തരുന്നു. ജീവിതമൊരു പുഴ പോലെ നീണ്ടു നിമർന്ന് കിടക്കുന്നതാണ് ആ ജീവിതം വീട്ടുമുറിയുടെ ഇരുട്ടിൽ അടച്ചു ഇരിക്കാനുള്ളതല്ല തന്റെ കുറവുകളാണ് കഴിവുകളായി മാറേണ്ടത് തനിക്കെന്തെങ്കിലും ചെയ്യണം. വളരെ നേരത്തെ ആലോചനയിലൂടെ തനിക്ക് മനസ്സിലായി. സ്കൂളിലും കോളേജിലും അദ്ധ്യാപകരെ കണ്ടെത്തിയ സാഹിത്യം നിറഞ്ഞ ഒരു ആൺകുട്ടി. പഠനത്തിൽ പിന്നിലായിരുന്ന താൻ കവിതയിൽ ഒരു പിടിമുമ്പിലായിരുന്നു. ധാരാളം കവിതയെഴുതി പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്.

എന്നാൽ തന്റെ സ്വപ്നം ഇന്ന് മനസ്സിലാക്കി. അമ്മയെ കുറിച്ച് എഴുതിയ കവിതയിൽ മഴക്ക് വളരെ പ്രശസ്തിയുണ്ടായിരുന്നു. ഇരുപത്തി ഒൻപത് വർഷം ജീവിതത്തിന് ഭംഗിയും പുതിയ രൂപയും നൽകിയത് മഴയാണെങ്കിലും ജീവിക്കാൻ അനുവദിച്ചത് അമ്മയാണ്. അതുകൊണ്ട് അമ്മ ചിരിക്കുന്നത് പുനർജീവൻ ലഭിച്ചതു പോലെയാണ്. ഇന്ന് എനിക്ക് അത് കിട്ടി.എന്റെ കവിതകളെല്ലാം പുസ്തകമാക്കുന്ന മഹാവേദി എനിക്ക് കാണാം. എന്നോ നഷ്ടപ്പെട്ട അമ്മയുടെ കണ്ണിലെ ആ പ്രകാശം ഇന്ന് തിരിച്ചെത്തിയിരിക്കുന്നു. അതുമതി. കൂടിനിന്ന ആളുകളോട് എന്റെ കവിതകളുടെ പൂർണ ആശയം വിളിച്ചു പറഞ്ഞു."അമ്മ മാത്രം" ഒരിക്കലും ലഭിക്കാത്ത ആ സൗഭാഗ്യം വീണ്ടും വീണ്ടും ലയിച്ചിരുന്നു ഞാൻ അന്നും മഴയുണ്ടായിരുന്നു.



**ഹണി മോൾ**
**10 C**


The very best teacher
teach from the
not the
By Shanon Antony

# ഓണത്തമ്മ

രാമന്റെ സീത,
കൃഷ്ണന്റെ രാധ,
പ്രണയ പർവങ്ങൾ
പരത്തിപ്പറയുവാൻ
പുണ്യപുരാണത്തി-
ലായിരമേട്ടുകൾ.
മുനി മാർക്കു പോലുമു-
ണ്ടാശ്രമപത് നിമർ.
മനുഷ്യരെല്ലാരുമൊന്നുപോൽ
വാഴ്ത്തിയ
മാവേലിമന്നനു-
മുണ്ടൊരു മഹാറാണി.

ഭാരത സ്ത്രീരത്ന-
മെന്നു പുകൾപ്പെറ്റ
നിത്യ സതീരത്നമായ
വിന്ധ്യാവലി.
എങ്കിലും
മാവേലി, മലയാള
മണ്ണിലെഴുന്നെള്ളിയെത്തുന്ന-
തെപ്പോഴുമേകനായ്.!

അർദ്ധനാരീശ്വര
കല്പനാവൈഭവം
കവിതയിൽ വിളമ്പുന്ന
കവിവര്യരേ, നിങ്ങൾ
മാവേലിമന്നന്റെ

പാതിമെയ്യാം, സൽ
വിന്ധ്യാവലിയെ
മറന്നതെന്തേ!



**നിതിൻ എം**

**9 A**

# തിരുനെല്ലിക്ഷേത്രത്തിലേക്ക് ഒരു യാത്ര (യാത്രാ വിവരണം)

യാത്രകൾ എപ്പോഴും മനസ്സിൽ കുളിർമനൽകുന്ന അനുഭവങ്ങളായി മാറാറുണ്ട്. ഓരോ യാത്രയും ഓരോ അനുഭവങ്ങളായിയാണ്, നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. ഞാൻ ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ നടത്തിയ ഒരു യാത്രയുടെ ഓർമ്മകൾ ഇന്നും എന്റെ മനസ്സിൽ പച്ചപിടിച്ചുനിൽക്കുന്നു. ഒരു കൂട്ടം ജനതയുടെ പ്രാർത്ഥനയോടും, ആവേശത്തോടുകൂടിയാണ് വയനാട് ചുരം കയറിയത്. ഞാൻ ചുരം സൂഷ്മമായി നിരിക്ഷിച്ചു. ഇരുവശങ്ങളിലുമായി വളർന്നുനിൽക്കുന്ന കാട്ടുചെടികൾ. കുരങ്ങന്മാരും മലയണ്ണാനും തുള്ളിക്കളിക്കുന്നു. പീലിവിടർത്തി നിൽക്കുന്ന മയിലിനെയും കണ്ടു. അങ്ങനെ കണ്ടും അനുഭവിച്ചും ഞങ്ങൾ തിരുനെല്ലിയിൽ എത്തി.

പ്രകൃതി രമണിയമായ കുന്നിന്റെ മുകളിലാണ് തിരുനെല്ലി ക്ഷേത്രം. മഹാവിഷ്ണുവാണ് അവിടുത്തെ പ്രതിഷ്ഠ. ക്ഷേത്രത്തിലെത്തിയതോടെ യാത്രാക്ഷീണം ഞങ്ങളിൽ നിന്ന് മെല്ല അകന്നുപോയി. ക്ഷേത്രത്തിന് ചുറ്റമൊഴുകുന്ന പാപനാശിനി എന്ന പുണ്യതീർത്ഥം. ഒരു രാത്രി തങ്ങി ഞങ്ങൾ പ്രകൃതി സൗന്ദര്യം ആസ്വദിച്ചു. ചില കാട്ടുമൃഗങ്ങളും, പക്ഷികളും കരയുന്നത് കേൾക്കാം. അങ്ങനെ തികച്ചും പ്രകൃതി സുന്ദരമായ സ്ഥലം. ഇന്നും എന്റെ മനസ്സിൽ അവിടുത്തെ ഓർമ്മകൾ പച്ചപിടിച്ച നിൽക്കുന്നു.



**അമൽ എം എസ്**
**8 F**


നൗഫൽ.പി
IX : D

# തുലാസ്

ഇനിയെന്റെ കാറ്റിന് വേഗമേറും
ഇനിയെൻ മഴത്തുള്ളി വ്യാപ്തമേറും
ഇനിയെൻ തണുപ്പിൽ നീ തോറ്റുപോകും
ഇനിയെന്റെ ചൂടിൽ നീ തിളതിളയ്ക്കും.

ഞാനില്ല നീയില്ല നമ്മളില്ല
വനമില്ല വയലില്ല പുഴകളില്ല
നിമ്നോന്നതങ്ങളായൊന്നുമല്ല
അന്ന്
ഭാരമായ് പേറിയതൊന്നുമില്ല.




ഒരു ജലഗോളമായ് കിടുകിടുങ്ങും
ഒരു വാർത്ത പറയുവാൻ ഞാനൊരുങ്ങും
ഒരു നന്മ ചെയ്യുവർ കേട്ടുകൊൾവിൻ
ഒരു യാത്ര ചോദിപ്പാൻ വീണ്ടുമില്ല.

നീതിയില്ലാത്ത തുലാസുകൾ സൃഷ്ടിച്ച,
നീരാളിക്കൈകൾ ഇതോർത്തുകൊൾവിൻ.



**ഷാനവാസ് എ.കെ**
**പി.റ്റി.എ. പ്രസിഡന്റ്**
***പൂർവവിദ്യാർത്ഥി***


Abhinand
IX E
AD-12-12

# നാട്

എത്ര മനോഹരമായൊരു നാട്
ഉല്ലാസപ്പെരുമയായൊരു നാട്
പൂഞ്ചോലകൾ നിറഞ്ഞൊരു നാട്
സുഖലോലുതം ആയൊരു നാട്
മഹാജനങ്ങളാൽ നിറഞ്ഞൊരു നാട്
വസന്തപെരുമയേറുന്നൊരു നാട്
ജന്തുജാലങ്ങളാൽ നിറഞ്ഞൊരു നാട്
എന്തൊരു മനോഹരം!

പ്രകൃതി ശേൽമായ നാട്
വനങ്ങളാൽ നിറഞ്ഞൊരു നാട്
പുഞ്ചിരിക്കുന്ന പുഴകളും നദി-
കളും നിറഞ്ഞൊരു നാട്!
എന്തൊരു മഹാസന്തോഷം നിറഞ്ഞ നാട്
ഉത്സവ പെരുമയേറുന്ന നാട്
ജാതി-മത-വർഗ- മില്ലാത്ത നാട്.
ആ നാട് എന്റെ നാട് തന്നെ!

**മുഹമ്മദ് ഷബീബ് ബി.റ്റി**
**10 B**


Sharon Antony

# പ്രപഞ്ചം

സ്വരരാഗിണി നവനൃത്തകി
ശ്രുതഭാഷിണി മനോഹരി
പ്രപഞ്ചമേ ദേവാലയം
അതിനുള്ളിലായി മഴവില്ലുകൾ
വിരിയുന്നിതാ അതിമോദമായി
വിതുമ്പുന്ന മാനം
വിടരുന്ന ശോകം
ഒഴുകുന്ന പുഴയിലെ
ഒരു തുള്ളി മാത്രം.
നെറുകയിൽ ചന്ദനം പൂശി
ഈറൻ മുടിയുമായി വന്നവൾ
എൻ പ്രപഞ്ചം.
പച്ചനിറഞ്ഞ വിതാനം.
അഴകിൻ ഉദ്ഭവ സ്ഥാനം.

**ജോസഫ് വി.ടി**
**(പൂർവ്വവിദ്യാർത്ഥി)**


# പുല്ല് തിന്ന പുലി

ഒരു കാട്ടിൽ ഒരു ആട്ടിൻ കുട്ടി പുല്ല് തിന്നു കൊണ്ടിരിക്കു-മ്പോഴാണ് ഒരു പുലികണ്ടത് ആ പുലി മനസ്സിൽകരുതി ഈ ആടാണ് എന്റെ അത്താഴം പുലി ആടിന്റെ അടുത്ത് ചെന്ന് പറന്നു ഈ ഉണക്ക പുല്ലാണോ നീ തിന്നുന്നത് കുറേയെ അവിടെ നല്ല പുല്ല് ഉണ്ട് വരുകാണിച്ചുതരാം .ആട് പുലിയെ കണ്ട് പേടിച്ചുകൊണ്ട് പറഞ്ഞു ഞാൻ ഇല്ല. അപ്പോൾ പുലി പറഞ്ഞു പേടിക്കണ്ട ഞാൻ പുല്ല് മാത്രം തിന്നുന്ന പുലിയാണ്. പുലി പറഞ്ഞു വിശ്വാസം വരുന്നില്ലാല്ലേ. അപ്പോൾ ആട് പറഞ്ഞു ചേട്ടൻ ഈ ഇല തിന്ന് കാണിക്ക് അപ്പോൾ പുലി മനസ്സിൽ വിചാരിച്ച് എന്റെ അത്താഴം ആടല്ല എന്ന് പുലി ഇലതിന്നപ്പോൾ ഉള്ള കൈപ്പ് രുചി ഉണ്ടെങ്കിൽ അതും തിന്നും ആട് പറഞ്ഞു. ഇപ്പോൾ മനസ്സിലായി ചേട്ടൻ പുല്ലുതിന്നുന്ന ആളല്ല എന്ന്. വിഷമുള്ള ചെടിയാണ് ചേട്ടൻ തിന്നത്. ഇനി രണ്ടു ദിവസം കഴിഞ്ഞ് ചേട്ടൻ ഉണരു എന്ന് പറഞ്ഞ് ആട് ഓടി.



**മുബിന എം**

**9 D**



Albin.k.shiju
IX - F
Roll no: 29

# പ്രകൃതി വിസ്മയം

അമ്മയെപോലെ കാണുന്ന പ്രകൃതിനിൻ
കാവ്യഭംഗിയിൽ ഞാൻ വിസ്മയിച്ചു.
ആരുമറിയാതെ നിൻ
സൗന്ദര്യലഹരിയിൽ ഓർമ്മകളോടെ
ഞാൻ കാത്തിരുന്നു.

പ്രകാശം നിറഞ്ഞ നിൻ കൺപീലികളിൽ
ആരാധികയായി ഞാൻ മാറിനിന്നു
നിൻ വർണ്ണനിറങ്ങളിൽ നിൻ
തേൻ ചുണ്ടുകളിൽ ഞാൻ
അറിയാതെ നിന്നോടുള്ള സ്നേഹം.

പ്രകൃതിയെ നിൻ മഹാവൃക്ഷങ്ങളിൽ
വളരുന്ന ഒരേ ഇലകളിലും ഞാൻ
ഉണ്ടെന്ന് നീ മനസ്സിലാക്കണം
കാരണം ഞാൻ പൈതലാണ്.
എന്നെപ്പോലെ ഓരോരുത്തരും നിന്നെ
സ്നേഹിക്കുന്നു.

**ബിജില തോമസ്**
**9 D**




Aboobacker CH
VIII:B

# ജീവിതമായി ഒരു വെല്ലുവിളി

ജീവിതമേ നിന്നോട്
ഞാനിന്താണ് ചെയ്തത്
ഏത് തെറ്റിന്റെ ശിക്ഷയാണീ
ദുരിതനാളുകൾ.......
എൻ ജീവിത കടലിൽ
ആഗ്രഹം പൂർത്തിയാക്കാനും
നീ സമ്മതിക്കില്ലയോ?

എങ്കിലുമൊട്ടും നൈരാശ്യമില്ലാതെ
ജീവിതശ്രേണി പൂർത്തിയാക്കുന്നതു
ഞാൻ നിനക്ക് കാണിച്ചു തരണോ?
പരിശ്രമിച്ചാലേതും സ്വന്തമാക്കമോ,

നീ ഓർക്കുക

നീ തരുന്നയീ ദുരിതത്തിൽ
മുകളിലേക്കാണെൻ കണ്ണുകൾ....
ആശക്തിയാണെൻ ആശ്രയം
എൻ ലക്ഷ്യസ്ഥാനം.


**ഹേമന്ദ് ആർ**
**(പൂർവ്വവിദ്യാർത്ഥി)**

# ബെന്യാമിൻ ആടുജീവിതം

# (ആസ്വാദനക്കുറിപ്പ്)

പ്രശസ്ത കഥാകൃത്ത് ബെന്യാമിന്റെ അതിപ്രശസ്തമായ ഒരു നോവലാണ് ആടുജീവിതം. നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകളാണ്. എന്നാൽ വായനയിലൂടെ നമ്മെ അനുഭവസമ്പന്നരാക്കുകയാണ് ബെന്യാമിൻ. എണ്ണമെറ്റ പതിപ്പുകൾ കൊണ്ട് ആടുജീവിതം മലയാള പുസ്തകരംഗത്തെ സംബന്ധിച്ചിടത്തോളം ഒരു റെക്കോർഡ് തന്നെയാണ്. അറേബ്യൻ ദേശങ്ങളിൽ ജീവിക്കുന്ന പാവപ്പെട്ട മലയാളിയുടെ യാതനാജീവിതത്തിന്റെ ഒരു ബൈബിളായി ഈ കൃതി വ്യാഖ്യാനിക്കപ്പെട്ടു. "മധുരമായ ഗദ്യം അനുഭവതീവ്രമായ പ്രമേയം, മലയാളിത്തം എല്ലാം ഒത്തിണങ്ങിയ നോവലാണ് ബെന്യാമിന്റെ ആടു-ജീവിതം.

മരു ഭൂമിയുടെ വിഭ്രാമകമായ സൗന്ദര്യം മരു ലോകത്തിന്റെ സവിശേഷതകൾ ഇതൊന്നും മലയാള നോവലിൽ ഇത്ര ആഴത്തിൽ ഇതിനുമുമ്പ് രേഖപ്പെടുത്തിയിട്ടില്ല. മലയാള സാഹിത്യത്തെയും ഭാഷയെയും ഈ നോവൽ ഏറെ ഉയരത്തിലെത്തിച്ചിരിക്കുന്നു."-പി. വത്സലയുടെ വാക്കുകളാണിത്. അതെ ആടുന്ന ജീവിതമല്ല,ആർഭാടവുമല്ല, ആഴമുള്ള ആത്മാവുള്ള ജീവിതം അതാണ് ആടുജീവിതം. നജീമിനും ഹക്കിമിനും മരുഭൂമിയിൽ ദാഹിച്ച മരിച്ച എല്ലാ ആത്മാക്കൾക്കും വേണ്ടിയാണ് ഈ പുസ്തകം സമർപ്പിച്ചിരിക്കുന്നത്.




ബത്തയിലെ ചെറിയ പോലീസ് സ്റ്റേഷനിൽ നിന്നാണ് നോവൽ ആരംഭിക്കുന്നത്. ആട് ജീവിതത്തിലെ അലസമെന്നു

തോന്നിപ്പിക്കാവുന്ന രചനകളളിൽ ചിതറിക്കിടന്ന് പ്രകാശിക്കുന്ന മൊഴികൾ മിക്കവാറും എല്ലാ പുറങ്ങളിലും കാണാം. “ഇന്നലകൾ ഇതാവുക, നാളകൾ അസ്തമിക്കുക ആധുനിക ലോകത്തിൽ ആടുജീവിതത്തിലേക്ക് ആട്ടിക്കയറ്റപ്പെട്ടുന്നവന്റെ സങ്കടങ്ങൾ ഇവിടെയാണ്” തുടങ്ങി ഒടുങ്ങുന്നത്. ഈ നോവലിൽ പീഢാനുഭവത്തിന്റെ അരങ്ങായി തീരുകയാണ് മരുഭൂമി. നജീബാണ് ഈ നോവലിലെ പ്രധാന കഥാപാത്രം. ഹക്കീമും മറ്റുള്ളവരും സഹകഥാപാത്രങ്ങളും. ഇത് നജീബിന്റെ കഥയല്ല ജീവിതമാണ്. മരുഭൂമിയുടെ ഭീകരത പ്രതിധ്വനിക്കുന്ന ഈ നോവൽ കേരള സാഹിത്യ അക്കാദമി അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്.


**ഫിലോമിന ജോസഫ് വടക്കൻ**
**(പൂർവ്വ വിദ്യാർത്ഥി)**

# ഭൂമിയേ നിന്നോടാണെൻ ചോദ്യം

ഇനിയും നിൻ ഉപദേശം-
ക്കൊണ്ടെന്തുപ്രയോജനം
വായിലെ വെള്ളമൂറിവറ്റ-
മെന്നല്ലാതെ നന്നാകുമോ
ഈ ചേതന?
മക്കളുടെ തെറ്റിന് ശിക്ഷ-
നൽകേണ്ടതമ്മയാണംബികേ?
നീ യെന്തേ ശിക്ഷിക്കാൻ
മടിക്കുന്നു?
ഒന്നുമതിയെങ്കിലും
ഒൻപതും കാർന്നു തിന്നുന്ന
സമൂഹത്തെയൊന്നായി
നീ ശിക്ഷിക്കുക.
അതായിരിക്കണം ഇനി നിന്റെയായുധം
ഇല്ലെങ്കിലോ ഭാവിനീ
നാശമായി എരിഞ്ഞുതീരും



**സോന ജോണി**
**9 E**


Lalettan
Architha.S
IX.A

# മിസ്ഡ് കോൾ

ഒരു മിസ്ഡ് കോൾ
അത് അവൾക്കൊരു ദാമ്പത്യജീവിതം സമ്മാനിച്ചു
എന്നാൽ,
ദൗർഭാഗ്യം അവളെയും തേടി എത്തി
അവളുടെ ദാമ്പത്യജീവിതത്തിനും മിസ്ഡ്
കോളിന്റെ ദൈർഘ്യം മാത്രം
മധു വിധു തീരും മുമ്പേ
ഡിവോഴ്സ് റെസീവ്ഡ്........

**ക്രിസ്റ്റീന ജോസഫ്**
**10 B**



# PAIN OF DARK

*I am the son of darkness*
*Which spread in all valleys*
*I flows everywhere*
*In top, deep and high;*

*Dumbness is my friend*
*Who always wrap me*
*I am also from the heaven of god*
*But light easily vulnerable me.*

*My birth was in moon light*
*But I hate the light*
*Whenever light flames*
*I melt in the lap of earth.*

*I am not a Devil of cruel*
*And I am not a devine*
*But people whispers at me*
*Life is a mortal like "Darkness"*



*No; I am not a symbol of misfortune*
*I embellish the earth with dark*
*And I am the source of light.*
*If there is not dark...there is no light*
*And no more earth!!!*

Sayana Suneesh
9 E



# സ്നേഹത്തിന്റെ വില

നാം നമ്മുടെ ജിവിതത്തിൽ ഏറ്റവും വിലകൊടുക്കുണ്ട രണ്ടു വ്യക്തികളുണ്ട്. അത് നമ്മുടെ മാതാപിതാക്കളാണ്.മക്കൾ മാതാപിതാക്കളെ മറക്കുന്ന ഈ കാലത്ത് അവരറിയണം തന്റെ മാതാപിതാക്കളുടെ മനസ്സിലെ നൊമ്പരം.മക്കൾ മാതാപിതാക്കളെ അറിയാതെ പോകുന്ന കഥയാണ് ഞാൻ എഴുതുന്നത്.

ഒരു കൃഷി കുടുംബത്തെയാണ് ഇവിടെ പരിചയപ്പെടുത്തുന്നത്.അവർ അവരുടെ ഏകമകളെ അവരുടെ ദു:ഖങ്ങൾ ഒന്നും അറിയിക്കാതെ അവളുടെ സന്തോഷത്തിനും ആഗ്രഹത്തിനുമൊത്ത് വളർത്തി. അവളുടെ വിജയത്തിൽ അവളെക്കാൾ ഏറെ അവർ സന്തോഷിച്ചു.അങ്ങനെ അവൾ വളർന്നു. പഠനത്തിൽ ഉന്നത വിജയത്തോടെ വിജയിച്ചു. ഒരു ഡോക്ടർ ആവണമെന്നായിരുന്നു അവളുടെ ആഗ്രഹം.ആ വീട്ടിലെ കൃഷി കൊണ്ട് ഒന്നും അതിനുള്ള പഠനം കിട്ടിയില്ല.അങ്ങനെ അച്ഛൻ കൂലിപണിക്കു അമ്മ വീട്ടുജോലിക്കും പോയി. എന്നാലും വീണ്ടും പണം ആശ്വാസമായി വന്നു.

അപ്പോൾ അച്ഛൻ പോയി ലോണെടുത്തു.അമ്മ അച്ഛനോട് ചോദിച്ചു. ഈ ലോൺ നാം എങ്ങനെ വീട്ടും. അപ്പോൾ അച്ഛന്റെ മറുപടി ഇതായിരുന്നു. അതു സാരമില്ല എങ്ങനെയും നമുക്ക് അത് വീട്ടാം.നമ്മുടെ അവസ്ഥ നമ്മുടെ മക്കൾക്ക് വരരുത്.അവർക്ക് സ്വന്തം ജീവിക്കാനാവണം.ഇത് കേട്ട് അമ്മയുടെ മിഴികൾ നിറഞ്ഞു. അങ്ങനെ മകളുടെ ആഗ്രഹം നിറവേറ്റി അവൾ പഠിച്ച് ഡോക്ടറായി. അങ്ങനെ അവർ മകൾ ജോലി ചെയ്യുന്ന സ്ഥലത്തേക്ക് അവളെ കാണുവാൻ വേണ്ടി പോവുകയാണ്. അവർ അവൾ താമസിക്കുന്ന റൂമിലേക്ക് പോയി. അകത്തേക്ക് കയറിയപ്പോൾ അവർ അവളുടെ

മകളെയും കൂട്ടുകാരെയും കണ്ടു. അമ്മയെയും അച്ഛനെയും കണ്ട അവൾക്ക് അവരുടെ വേഷം കണ്ട് കൂട്ടുകാരുടെ മുമ്പിൽ അപമാനമായി തോന്നി. അവൾ അവരെ പുറത്തേക്ക് കൊണ്ടുപോയി. അവരോട് ദേഷ്യം പ്രകടിപ്പിച്ചു. മകളുടെ ദേഷ്യം കണ്ട് ഒന്നും പറയാതെ അവർ പകച്ചു നിന്നു പോയി.മകൾ റൂമിലേക്ക് വേഗം കയറിപ്പോയി. അതാരാണ് എന്ന് കൂട്ടുകാർ ചോദിച്ചു. അവൾ മറുപടി പറഞ്ഞു. അത് ആരാണ് എന്ന് എനിക്കറിയില്ല. റൂം മാറിക്കയറിയതാണ് എന്നു തോന്നുന്നു. മാതാപിതാക്കൾ കരഞ്ഞുകൊണ്ട് അവരുടെ ദു:ഖം മനസ്സിൽ അടക്കിപ്പിടിച്ച് വീട്ടിലേക്ക് മടങ്ങി.

മാതാപിതാക്കൾ നമ്മെ സ്നേഹിക്കുന്നതിന്റെ അളവ് നമുക്ക് അളക്കാനാവില്ല. കുട്ടികൾ കരയുമ്പോൾ മാതാപിതാക്കളുടെ മനം നീറും. അത് നാം അറിയുന്നില്ല. അവർ നമുക്ക് ചെയ്ത് തന്നതിന്റെ പകരമായി ഒന്നും ചെയ്യാൻ നമുക്ക് കഴിയില്ല. നമ്മുടെ സ്നേഹം അതു മാത്രമാണ് അവർക്ക് വേണ്ടത് അത് നാം തിരിച്ചറിയാതെ പോകരുത്.

**ഡീന വി.എ**
**9 D**

# ചിപ്കോ...

ഹിമാലയ പർവത്തിൽ
ഗർവാള പ്രാന്തമതിൽ
വനങ്ങളിൽ പ്രവേശിച്ചു
വനചോരന്മാർ......
വൃക്ഷങ്ങളെ വനിതകൾ
ആലിംഗനം ചെയ്തുകൊണ്ട്
ചോരന്മാരിൽ നിന്നും വനം
പരിരക്ഷിച്ചു.

ഹിമാലയ സ്ത്രീകളുടെ
ഉദ്യമേ "ചിപ്കോ"എന്ന്
ശാശ്വതമായ് ചരിത്രത്തിൽ
രചിതമായി.
വനങ്ങളെ,ല്യക്ഷങ്ങളെ
പ്രാണതുല്യം സംരക്ഷിച്ച
സ്ത്രീകളുടെ ത്യാഗമേതും
വിഫലമല്ല.

വൃക്ഷങ്ങൾക്കായ് ജീവിതത്തെ
സമർപ്പിച്ച വൃക്ഷസ്നേഹി
ബഹുഗുണ ജീവിതത്തെ
ആദര്ശമാക്കാം
അവരുടെ ത്യാഗഗാഥ
സ്മരണയിൽ നിലനിർത്തി
വൃക്ഷങ്ങളെ രക്ഷിക്കുവാൻ
പ്രതിജ്ഞ ചെയ്യാം
വൃക്ഷങ്ങളെ രക്ഷിക്കുന്നോർ
സർവസൃഷ്ടികളെ രക്ഷിക്കുന്നു.

വൃക്ഷങ്ങളെ രക്ഷിക്കുവാൻ
മിഴിതുറക്കാം
അവരുടെ ത്യാഗഗാഥ
സ്മരണയിൽ നിലനിർത്തി
വൃക്ഷങ്ങളെ രക്ഷിക്കുവാൻ
പ്രതിജ്ഞ ചെയ്യാം.

പ്ലാസ്റ്റിക്ക് മാലിന്യങ്ങളാൽ
ഹിമാലയം മലിനമായിരിക്കുന്നു
ഹിമവാനെ രക്ഷിക്കാനായ്
പ്രതിജ്ഞ ചെയ്യാം

**ലെക്സിൻ തോമസ്**
**8 B**




The pig
by
Jubairiyath
VIII E

# ഭാര്യ

സൂര്യനുണരും മുന്നേ ഉണർന്ന്
വീടുണർത്തുന്നു നീ..
ഉഷസിൽ വിരിയുന്ന പനിനീർ പൂവുപോൽ
ഉഷസ്സോടുണരുന്നു നീ....
വീട്ടുവേല മുഴുവൻ ചെയ്താലും
വീട്ടുകാർ നിന്നെ പഴിചാരുന്നു.
അറിയുന്നു ഞാൻ നിൻ നോവും നൊമ്പരം
ആരുമറിയാതെ ഒളിക്കുന്ന കണ്ണീരിൽ
ഓർമകൾ ഉണരുന്ന നിൻ മുഖമുദ്രകൾ
കാലവർഷത്തിൽ മാഞ്ഞുപോയി.
ഉണരുമ്പോൾ കാണുന്ന നിൻ മുഖമൊന്നും
എന്നോടലിഞ്ഞ് ചേരുന്നു.
ഉരുകി ഉരുകുന്ന നിന്റെ ജീവനെ
നിറകണ്ണാൽ ഞാൻ കാണുമ്പോൾ
നിസ്സഹയായി ഞാൻ എന്നോട് മന്ത്രിച്ചു.
നീയായിരുന്നെന്റെ ഭാര്യ



**ഹിബ.എം**
**9 B**

# നിലാവ്

ശരീരം തളർന്ന് കിടക്കയിൽ കിടന്നപ്പോൾ കുഞ്ഞുണ്ണി അടറുന്ന സ്വരത്തോടെ ആകാശത്തേക്ക് നോക്കി കൊണ്ടു പറഞ്ഞു. നല്ല നിലാവുള്ള രാത്രി. കുഞ്ഞുണ്ണി കിടക്കയിൽ കിടന്ന നാൾ മുതൽ കുഞ്ഞുണ്ണിയുടെ രാത്രിയിലെ കൂട്ടുകാരൻ സത്യം പറഞ്ഞാൽ നിലാവ് തന്നെയായിരുന്നു. കാരണം തന്റെ സങ്കടങ്ങൾ അറിയാൻ അത് കേൾക്കാൻ ഒരാളെങ്കിലും ഉണ്ടല്ലോ എന്നൊരു ആശ്വാസം കുഞ്ഞുണ്ണിക്ക് ഉണ്ടായിട്ടുണ്ട്. ഒരു യാത്രക്ക് പോയതെന്നതുപോലെ രാവിലെ കഴിഞ്ഞ് രാതി ആവുമ്പോൾ നിലാവ് പാഞ്ഞെത്തും. നിലാവിനെക്കാൾ സൗന്ദര്യം താൻ തന്റെ അവസ്ഥയിലുള്ളപ്പോൾ വേറെ ഒന്നിനും തോന്നിയിട്ടില്ല. ചിലപ്പോൾ തോന്നാനും പോകുന്നില്ല.




കാരണം ശരീരം തളർന്ന് കിടക്കുന്ന ഒരു മനുഷ്യന് പുറം ലോകം എങ്ങനെ കാണാൻ പറ്റും. അവിടുത്തെ കാര്യങ്ങൾ എങ്ങനെ അറിയാൻ പറ്റും ഇതെങ്ങനെയുള്ള ഒരു വിഷമഘട്ടത്തിൽ തനിക്ക് എവിടെയും പോകാൻ പറ്റുന്നില്ലല്ലോ" എന്ന ചിന്ത കുഞ്ഞുണ്ണിയെ അലട്ടുന്നുണ്ടാകും.

എന്നാൽ നിലാവ് എന്ന പ്രിയപ്പെട്ട സുഹൃത്തിനോട് കുഞ്ഞുണ്ണി എന്നും പ്രധാനപ്പെട്ട ഒരു കാര്യം പറയാറുണ്ടായിരുന്നു. ചിലപ്പോൾ അതു പറയുമ്പോൾ കുഞ്ഞുണ്ണി കരയുന്നുണ്ടാകും അല്ലെങ്കിൽ അതു കേൾക്കുമ്പോൾ നിലാവ് കരയുന്നുണ്ടാവാം. തന്നെയും തന്റെ കുടുബത്തെയും തന്റെ സുഹൃത്തായ നിലാവിനെയും അലട്ടുന്ന പ്രശ്നം എന്താണെന്ന് പറയട്ടെ.ഒന്നുകിൽ നമ്മുക്കും അത് പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. അല്ലെങ്കിൽ ഞാൻ എത്ര വലിയവനാണ് , ഞാൻ ഒരു പണക്കാരനാണ് എന്ന് പറഞ്ഞ് നമ്മൾ താഴ്ത്തി കളയുന്ന ഒരു കാര്യം തന്നെയായിരിക്കാം. എന്തായാലും ബാക്കി പറയട്ടെ. കുഞ്ഞുണ്ണിയെയും സുഹൃത്തിനെയും അലട്ടുന്ന പ്രശ്നം എന്തെന്നു വെച്ചാൽ' തന്റെ കുടുംബം'. തന്റെ കുടുബത്തിനെ ആരു വളർത്തും. ആ ചെറിയ

കുടുംബം ആശ്രയിച്ച കഴിഞ്ഞത് കുഞ്ഞുണ്ണിയുടെ കീഴിലാണ്. ഇനി എങ്ങനെ കഴിയുമെന്ന ചിന്തയിലാണ് അവർ.

എന്തായാലും അവർ പ്രതീക്ഷിച്ച് നിന്നത് വെറുതെ ആയില്ല. ഓരോ ചെറിയ സഹായം തങ്ങളെ തേടിയെത്തി. അതു കൊണ്ട് തന്നെ തന്റെ കുടുംബം നിന്നു പോയ ഇടത്തു നിന്ന് മെല്ലെ മെല്ലെ നീങ്ങി.എന്നാൽ രാത്രിയിൽ നിലാവ് വന്നപ്പോൾ കുഞ്ഞുണ്ണി നിലാവിനോട് തന്റെ ഏറ്റവും വിലപ്പെട്ട സന്തോഷം പറഞ്ഞു. ആദ്യകാരണത്താൽ ദു:ഖിതനായി നിലാവും ചിലപ്പോൾ സന്തോഷിച്ചു കാണും. എന്നാൽ ഈ സന്തോഷം തന്റെ കുടുംബത്തിനും തനിക്കും നിലാവിനും അധികം നിന്നില്ല. കുഞ്ഞുണ്ണിയുടെ രോഗം കൂടിക്കൂടി വന്നു. പല സഹായം കുഞ്ഞുണ്ണിയെ തേടിയെത്തിയെങ്കിലും ചികിത്സ ഫലം ഒന്നു തന്നെ കുഞ്ഞുണ്ണിക്കുണ്ടായില്ല. ഒരു നാൾ പെട്ടെന്ന് നിലാവ് വന്നപ്പോൾ അത് സംഭവിച്ചു. അതിനാൽ നിലാവിനോടൊപ്പം തന്നെ കുഞ്ഞുണ്ണിയും പോയി. കുഞ്ഞുണ്ണിയുടെ കുടുംബത്തിലെ കരച്ചിൽ നിലാവുപോകും വഴിയോളം കേൾക്കാമായിരുന്നു.

**മുഹമ്മദ് ഷാമിൽ സി എച്ച്**
**10 A**


By Roya Jasmine

# കോമാളി

ചിരിച്ചുകൊണ്ടു കരയുന്ന കോമാളിയാണു ഞാൻ
ജീവിതത്തിലെവിടെയോ കാലിടറിയ കോമാളി
ആർത്തിളക്കുന്ന ഈ സാഗരത്തിൽ
മൂലയിലെവിടെയോ പലരെയും ചിരിപ്പിച്ച്
കണ്ണുനീരില്ലാതെ പൊട്ടികരയുന്ന കോമാളി,
നിങ്ങൾക്ക് ഞാനൊരു കോമാളിയാണ്
വെറുമൊരു കോമാളി.......!




**കൃഷ്ണപ്രിയ പി എസ്**
**10 E**

# ദേശാടന പക്ഷി

കനലിന്റെ ചിറകുമായ് പാറുന്നവിണ്ണിൽ
ജീവിതം തന്നെ വെളിച്ചവും തേടി
ദു:ഖവും ക്ഷീണവും പ്രഹരത്താൽ നെഞ്ച്
ഭാരമെന്നോളം ചരിഞ്ഞു പതുക്കെ
ഇണയും കൂട്ടരും പിരിഞ്ഞൊത വേളയും
തളരാത്ത മനസ്സുമായി പാറിപ്പറന്നു ഞാൻ
മണ്ണിന്റെ മക്കളെ നിസ്സഹായ നിലവിളി
കാതിൽ ഇടിനാദമായ് കേട്ടു ഒരുപാട്
യാത്രതൻ പ്രതിസന്ധിയായി നിന്നു
പലതും ജീവിതവിജയം ഉണർത്തി എന്നെ
ഇടിയും മഴയും കാറ്റും മിന്നും ഒരുപാട്
ഭയം എന്നിൽ ഏങ്കി എന്നാലും
ചിറകടി നിർത്താതെ ഒഴുകുന്ന
ജീവിതം തുഴഞ്ഞു ഞാൻ പതിയെ
നിർതാത്ത ചിറകടിയുമായ്
പറന്നു ഞാൻ മുന്നോട്ട്
വിണ്ണിന്റെ ശബ്ദമായ് പറന്നു
ഞാൻ ദേശാടന പക്ഷി



**മുബഷിർ വി എം**
**10 B**



Chris Monya Baney
IX F

# കിഴവനും കടലും -ഏണസ്റ്റ് ഹെമിങ് വേ

അമേരിക്കൻ സാഹിത്യത്തിലെ വിഖ്യാത എഴുത്തുകാരൻ എണസ്റ്റ് ഹെമിങ് വേയുടെ പ്രശസ്ത കൃതിയാണ് കിഴവനും കടലും. സാന്റിയാഗോ എന്ന പേരായ കിഴവൻ മാർളിൻ മത്സ്യത്തോടും ഒരു കൂട്ടം സ്രാവുകളോടും നടത്തുന്ന പോരാട്ടമാണ് കിഴവനും കടലും പ്രതിപാതിക്കുന്നത്.

മനുഷ്യന്റെ നിരവധി അർത്ഥതലങ്ങൾ എഴുത്തുകാരൻ നോവലിലൂടെ വരച്ചുകാട്ടുന്നു.സാന്റിയാഗോ ഒറ്റപ്പെട്ട ഒരു മനുഷ്യനാണ്.അയാളുടെ സഹായിയും ഇഷ്ഭാജനവുമായ ചെറുക്കനെപ്പോലും രക്ഷിതാക്കൾ അയാളിൽ നിന്ന് ഒടുവിൽ അകറ്റുന്നു. ഇത്തരമൊരു ഒറ്റപ്പെടലിലും ഏകാന്തതയിലുമാണ് കിഴവൻ അതിസാഹസികമായ പോരാട്ടത്തിന് ഒരുങ്ങുന്നത്.

സാന്റിയാഗോ എന്ന കിഴവന്റെ പോരാട്ടം അസാധാരണവും മഹത്തരവുമായ ചിലത് കരസ്ഥമാക്കാനുള്ള




മനുഷ്യസമരത്തെയാണ് സൂചിപ്പിക്കുന്നത്.ഈ നോവൽ വസ്തുതകളുടെയും വിധിയുടെ ചുഴിൽപ്പെട്ടുഴലുന്ന മനുഷ്യനെക്കുറിച്ചുള്ള കഥകൂടിയാണ്.ഈ നോവലിലെ കഥാപാത്രങ്ങളായ കിഴവൻ,കടൽ,മാർലിൻ മത്സ്യം, സ്രാവ് എന്നിവയെല്ലാം അന്യാപദേശചഭവിയുണ്ട്. കിഴവൻ മുഴുവൻ മനുഷ്യരാശിയെ പ്രതിനിധാനം ചെയ്യുന്നു.മത്സ്യവുമായുള്ള കിഴവന്റെ പോരാട്ടം വലിയതെന്തോ കരസ്ഥമാക്കുവാനുള്ള സർവ്വജനകീയമായ മനുഷ്യസമരത്തെയാണ്.

നോവലിന്റെ ഉള്ളടക്കത്തിന് കോട്ടം നട്ടാത്ത രീതിയിലുള്ള ഓജസ്സുറ്റ ആഖ്യാനശൈലി നോവലിന്റെ ശോഭയെ

വർദ്ധിപ്പിക്കുന്നു. ഹെമിങ് വേയുടെ മാസ്റ്റർ പീസായ കിഴവനും കടലും 1952-ൽ പുലിസ്റ്റർ പുരസ്കാരം നേടി.ഈ കൃതിയിലൂടെമാണ് ഹെമിങ് വേ നോബേൽ സമ്മാനത്തിന് അർഹനായത്.

നോവലിലെ നായകൻ എന്ന നിലയിൽ സാന്റിയാഗോ എന്ന കിഴവൻ ഉദാത്തവും ശ്രേഷ്ഠവുമായ കഥാപാത്രനാണ്.മനുഷ്യന്റെ അന്തസ്സിലുള്ള വിശ്വാസം ജീവിതത്തിലെ പ്രതികൂലാവസ്ഥക്കെതിരെയുള്ള നിർഭയമായ പോരാട്ടവുമാണ് ഹെമിങ് വേ ഇതിലൂടെ വ്യക്തമാക്കുന്നത്.



**സാനിയ ഷാജ്ജ**
**9 E**

# A THIRD WAR

*I am a girl*
*who likes freedom*
*I would like to fly*
*But world wrap me*
*with chain of an freedom*
*I am a girl*
*And we built*
*The family, unit and Nation*
*But world not realizing*
*the value of a girl*
*Like Malala Yousafsai*
*I will fight for girls......*



**Nayana Biju**
**9 E**

# സമൂഹത്തോട്

അമ്മ തൻ ദ്വീപമ
നെഞ്ചകത്തോളിൽ
പതുക്കെ പതുക്കെ ഞാൻ
കുറിച്ചു നീങ്ങി.
വിയർപ്പിൻ മണവും
അധ്വാനതഴമ്പും മുറുക്കെ-
പ്പിടിച്ചു ഞാൻ ഓടിയെത്തി
തുമ്പപോൽ വിതുമ്പി നിൽക്കു
മാതേജ്ജസിൽ ദൈവകടാ-
ക്ഷവുമപ്പുറമാം........

വേനലും മഞ്ഞും നടന്നകന്നു
വിദ്വേഷമോ പകയോ
മനസ്സിലെറിഞ്ഞു തന്നിട്ട്
മഴയും ശിശിരവും ഓടിക്കളിച്ചയ-
മുറ്റത്തു ഞാനും വളർന്നു പൊങ്ങി
ജോലി തൻ മാറാപ്പു
ദൂരെ ഞാൻ കണ്ടപ്പോൾ
അമ്മയെന്ന പുസ്തകത്താ-
ളുകൾ ഞാൻ മറിച്ചുനീക്കി.


സൂര്യനും പിടഞ്ഞില്ല
ചന്ദ്രനും തേങ്ങില
പിടഞ്ഞതാ അമ്മയുടെ
തേങ്ങൽ മാത്രം.

അമ്മയെന്ന ദ്വീപത്തെ

അവന്ദതി കിടത്തി,
അമ്മതൻ ദ്ദ്യേതികൾ
അവനിന്നു വെറുപ്പോടെ നോക്കി.



**സോന വി ഒ**
**9 F**





Krishnapriya PS
X th - E

# CHILD LABOUR

The term “child labour” is often defined as work that deprives children of there childhood, there potential and their dignity,and that is harmful to physical and mental development. It refers to work that:is mentally, physically, socially or morally dangerous and harmful to children.

Poverty is widely considered as the top reason why children work at inappropriate jobs for their ages. Children work because their parents are poor; they have to supplement the family income or provide unpaid labour. It is also easy for adults to intimate children.

The child and adolescent labour (prohibition and regulation) act of 1986. As per the child labour (prohibition and regulation) act,1986,amended in 2016(“C L P R Act”),a “child”is defined as any person below the age of “14” and the C L P R act prohibits employment of a child in any employments including as a domestic help.

we wants to stop child- labour we should :-

* Review national laws regarding child labour.
* Refer to your buyer's requirements.
* Check the age of your employees.
* Identify hazardous work.
* Carry out work place risk assessment.
* Stop hiring children below the minimum age.

* Remove children from hazardous work.
* Reduce the hours for children under the minimum age.

Often such children are an young an six or seven years old. Often their hours of labour are 12 to 16 hours a day. Often their plays of work in the sweat shop, the mine the refuse heap, or the street. Often the work itself in dull, day long, respective low paid or unpaid.

**Aniya Wilson**
**8 E**








# എന്റെ ജീവിതം

അതിരാവിലെ അരയന്നത്തെ
വിളിച്ചുണർത്തണതാരോ
മണിത്തമ്പുരുകൾ മീട്ടിടുന്ന
മാൻ കിടാവു നീയോ
ഉറക്കം തൂങ്ങി നിൽക്കണമത്
ഏതു നേരവും മിഷ്ടം
രാത്രിക്കതു ഇരയെത്തേടാൻ
പോകുന്നുണ്ടതോ കഷ്ടം
രാവിലെയതു പലകാര്യങ്ങളും
പഠിക്കുന്നുണ്ടതോ നഷ്ടം
ഹിന്ദി പറഞ്ഞില്ലേല്
കിട്ടുമൊരു ദുഷ്ടം.
ഉച്ചക്കൊരു തീറ്റ തിന്നാൽ
പിന്നെയുമൊരുറക്കം
വൈകുന്നേരം കളിച്ചുകളിച്ചാ-
ലാഭിഷായി മോനെ
രാത്രി ഭക്ഷണം കഴിച്ചുകഴിഞ്ഞാ
ഉറക്കമോട്ടുറക്കം
പിന്നെയെന്ത് വേണം നിന്റെ
ജിവിതത്തിൽ ബാക്കി.



**നിപുൺ ബിജു**
**9 B**



# പരീക്ഷണശാല

എല്ലാ ജീവിതവും
ഒരു പരീക്ഷണശാലയാണ്
പരീക്ഷണത്തിൽ ജയിക്കുന്നവൻ
ജീവിതത്തിൽ മുന്നേറുന്നു.
പരാജയപ്പെടുന്നവനോ,
അതവനുള്ളതല്ല, പിന്നെയോ
അത് വിജയത്തിൻ നിഴലുകളാണ്
വിജയിച്ച് , വിജയിച്ച്
പരാജയത്തെ തോൽപ്പിച്ച്
ആ നിഴലുകൾ നാം
മായിക്കണം.......

നിരാശ തോന്നല്ലേ, മനുജാ
നിൻ പരാജയത്തിൻ നാളുകളിൽ...
നീ എപ്പോഴൊക്കെ
നിരാശനാകുന്നുവോ
അതെല്ലാം, നിന്റെ തോൽവിയാണ്.

**ഷെറിൻ പി. റ്റി**
**(പൂർവ്വ വിദ്യാർത്ഥിനി)**

# സ്ത്രീസമൂഹത്തിലെ ആധുനിക പിഴവുകൾ



അന്യമായിക്കൊണ്ടിരിക്കുന്ന സ്ത്രീ സ്വാതന്ത്ര്യം മുതലെടുക്കുന്ന ഇന്നത്തെ സമൂഹത്തിലെ പ്രതിനിധിയാണ് നമ്മൾ.കേരളനാടിന്റെ കേരവൃക്ഷങ്ങളിലും മരതകപ്പച്ചയിലും എന്തിനേറെ പറയുന്നു ഇവിടുത്തെ ഓരോ കല്ലിനും മുള്ളിനുമുണ്ട് ഒരു നഷ്ട സ്വാതന്ത്ര്യത്തിൽ കഴിഞ്ഞിരുന്ന ഒരു സ്ത്രീസ്വാതന്ത്രത്തിന്റെ കഥ പറയാൻ. തനിക്കു ലഭിക്കാതെ പോയ അവകാശത്തിന്റെയും അധികാരത്തിന്റെയും കണക്കുപറച്ചിലാണ് ഇന്നത്തെ സ്ത്രീകളുടെ മുഖമുദ്ര.പണ്ടത്തെ കാലത്ത് സ്ത്രീജീവിതം യാതനാജനകമായിരുന്നു. കടുത്ത ദാരിദ്രത്തിലും പട്ടിണിയിലും നാളുകൾ തള്ളിനീക്കിയ സമൂഹം നമുക്ക് മുമ്പേ കഴിഞ്ഞ് പോയിരുന്നു.എന്നാൽ ഇന്നത്തെ പണത്തിന്റെയും പദവിയുടെയും പത്രാസിന്റെയും അഹങ്കാരത്തിന്റെയും മുൾമുനയിൽ കഴിയുന്ന ഓരാ സ്ത്രീയും പഴയകാല സ്ത്രീയുടെ നിഷ്കളങ്കതയിയും സ്വഭാവഗുണവും ഓർത്ത് സ്വയം ലജ്ജിക്കേണ്ടതാണ്.

ഇന്ന് എല്ലായിടത്തും പുരുഷനെക്കാൾ ഒരുപടി മുന്നിലാണ് സ്ത്രീയുടെ ശക്തിയും ആധിപത്യവും.എവിടെയായിരുന്നാലും സ്ത്രീകൾക്കാണ് പുരുഷൻമാരേക്കാൾ ഉയർന്ന സ്ഥാനം.അത് ബസ്സിൽ ആണെങ്കിലും മറ്റ് ഏതു പൊതുസ്ഥലങ്ങളിലാണെങ്കിൽക്കൂടിയും സ്ത്രീയുടെ അവസരം കഴിഞ്ഞിട്ടേ പുരുഷന് അവകാശം ഉള്ളൂ.ലഭിക്കുന്ന സൗകര്യങ്ങൾക്കും നൽകുന്ന സ്ഥാനമാനങ്ങൾക്കും അർഹിക്കുന്നതിലും ഏറെ പ്രതിഫലമാണ് ഇന്നത്തെ സ്ര്്രീകൾക്കു നൽകുന്നത്.സ്വന്തം ഭർത്താവിനെ കഴുത്തറുത്തും ആസിഡൊഴിച്ചും കൊലപ്പെടുത്തിയ

സ്ത്രീകൾ നമുക്കൊപ്പം അതിവസിക്കുമ്പോൾ സ്വാതന്ത്ര്യവും സമത്വവും ലഭിക്കാതിരുന്ന സ്ത്രീകളുടെ വില മനസ്സിലാക്കുവാൻ സാധിക്കുന്നത് ഈ ഉദാഹരണങ്ങളിലൂടെയാണ്.

ഒരു സ്ത്രീ അമ്മയാണ്, സഹോദരിയാണ്, കൂട്ടുകാരിയാണ്, എല്ലാറ്റിനുമുപരി അവളൊരു നല്ല ഭാര്യ കൂടി ആകുമ്പോഴാണ് ഒരു കുടുംബം അതിന്റെ എല്ലാ വശങ്ങളിലും അർത്ഥവത്താകുന്നത്.എന്നാൽ സ്ത്രീയെ വെറുമൊരു അടുക്കളക്കാരിയും പ്രസവിക്കാൻ മാത്രമായുള്ള പുരുഷന്റെ ഉപഭോഗവസ്തുവും മാത്രമായി കണക്കാക്കപ്പെട്ടിരുന്ന പ്രാചീനയുഗത്തിൽ സ്ത്രീകൾക്ക് കിട്ടാവുന്നതിലെ ഏറ്റവും വലിയ പദവിയായ 'കൊലപാതകി' വരെ ആകാൻ കഴിയുമെന്ന് ഇന്നത്തെ സ്ത്രീസമൂഹം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു.

കിട്ടിയ പദവിയുടെയെല്ലാം തിരിച്ചടിയാണ് പുരുഷനാകുന്ന തന്റെ ഭർത്താവിനോടും അച്ഛനോടും എന്തിന് സഹോദരന്മാരോടും നേരിട്ട് സ്ത്രീയിൽ നിന്ന് പുറത്തു കാട്ടപ്പെടുന്നത്.സ്വയം വഞ്ചിതരാകുന്ന സ്ത്രീകൾ ഇന്ന് കൂടെ നിൽക്കുന്ന ആളുകളെ സ്വയം വഞ്ചിക്കുകയാണ് ചെയ്യുന്നത്.മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ'തോളിലിരുന്നു ചെവി തിന്നുക' തന്നെ!!

**റിഷാന പർവ്വീൻ**

**10 D**

# SWEET DREAM

Dream...Dream...Dream...
The birds are singing
I danced by the light of a moon
When the stars are glowing
The dark does arise
And make happy the birds
The merry bells ringing
To welcome the spring
The flowers are smiling
When the cool breeze coming
Fragrance of flowers are spreading
And the flowers are colour to nature
The birds are singing loudly
I looked the window
when the angels are arrives
Be thoughtful of tomorrow's needs

**Sona Shaji**
**9 F**



# സമയം

സമയം......!
കാറ്റാണോ?ഏയ് അല്ല
കാറ്റടിക്കാത്ത സമയമുണ്ട്
മഴയാണോ?ഏയ് അതുമല്ല
മഴ പെയ്യാത്ത സമയവുണ്ട്
വെയിലാണോ?അതുമല്ല
വെയിലറിക്കാത്ത സമയമുണ്ട്
ഒന്നറിയാം.....സമയം
ആളൊരു ധൃതിക്കാരനാണ്
ആരെയും ഒപ്പം കൂട്ടില്ല
കൂടെയുള്ള സൂചിയെ പോലെ
നമുക്ക് വേണമെങ്കിൽ
ഒപ്പം കൂടാം
എന്നാലും നാം ഒപ്പം എത്തില്ല
സമയം ചോദിച്ചാലോ?
ചോദിച്ച സമയം പറയാനൊക്കില്ല
ചോദിച്ച സമയം മാറിയിട്ടുണ്ടാകും
പറഞ്ഞത് കൊടുത്താലോ;
പറഞ്ഞത് ഷാർപ്പായിരിക്കില്ല
അപ്പോഴേക്കും സമയം മാറിയിട്ടുണ്ടാകും



**സയ്യിദ.സി**
**10 B**





Krishnapriya P.S
X th E

# നശിക്കുന്ന യുവത്വം

"നശിക്കാൻ ആളുകൾ ഉണ്ടങ്കിൽ നശിപ്പിക്കാനും ആളുകൾ ഉണ്ടാകും. "പറഞ്ഞുതരുന്നത് മറ്റൊന്നുമല്ല നമ്മുടെ ഇന്നത്തെ യുവ സമൂഹത്തെതന്നെ. ഇന്നത്തെ സമൂഹത്തിൽ ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന ഒരു വിഭാഗമാണണ് യുവാക്കൾ. നശിക്കാനായി ഇവർക്ക് മുമ്പലേക്ക് നീട്ടുന്ന അവസരങ്ങളും ഏറെയാണ് അവ ഏതൊക്കെയാണ് പറയേണ്ടതില്ല. എങ്കിലും പറയാതിരിക്കാൻ വയ്യ . മദ്യപാനത്തിനും മയക്കമരുന്നിനും ഒരു പരിധിവരെ അടിമപ്പെട്ട് കഴിഞ്ഞിരിക്കുന്ന ഒരു സമൂഹത്തിലൂടെയാണ് നാം കടന്നുപോയികൊണ്ടിരിക്കുന്നത്. ചുറ്റുഭാഗത്തും യാതൊരു വിധത്തിലുള്ള ദു:സ്വഭാവങ്ങളിലും പെടാതെ ജീവിക്കണമെങ്കിൽ യുവാക്കൾ ഒട്ടേറെ പരിശ്രമിക്കേണ്ടതായിട്ടുണ്ട്.



ചീത്ത കൂട്ടുകളിൽ പെട്ട് മദ്യപിച്ചും മയക്കമരുന്നുകളും ഉപയോഗിച്ച് ഓരോ



യുവാവും നശിക്കുമ്പോൾ അവർക്കൊപ്പം പൊലിഞ്ഞുപോകുന്നത് ഓരോ കുടുംബത്തിന്റെയും വളർന്നുകൊണ്ടിരിക്കുന്ന ഒരു പ്രതീക്ഷയാണ്. ഒട്ടേറെ കഷ്ടപ്പെട്ട് പ്രയാസങ്ങൾ അനുഭവിച്ച് വളർത്തി വലുതാക്കി ഒരു കരക്കെത്തിക്കാൻ ശ്രമിക്കുമ്പോൾ അവർക്ക് നൽകുന്നത് ഇങ്ങനെയുള്ള തിരിച്ചടികളാണെങ്കിൽ അവർക്ക് താങ്ങാനാവുന്നതിലും അപ്പുറമൊന്ന് പറയേണ്ടതില്ലല്ലോ. പക്ഷെ ഇന്ന് ഓരോ യുവാക്കളും ചെയ്ത് കൊണ്ടിരിക്കുന്നത് എന്താണ്. ഒരു കുഞ്ഞു ചെടിയെ ആവശ്യത്തിന് വളവും വെള്ളവുമൊഴിച്ച് വളർത്തി വലുതാക്കി അതിൽ നിന്നും ഒരു ഫലം ലഭിക്കുമ്പോൾ ആ വൃക്ഷത്തെ വെട്ടി നശിപ്പിക്കുന്നു.

ചീത്ത കൂട്ടുകെട്ടുകൾ നമുക്ക് അവസാനം സമ്മാനിക്കുന്നതും ഇതേ അവസ്ഥയാണ്. എന്നാൽ യുവാക്കൾ ഇതൊന്നും മനസ്സിലാക്കാതെ ലഹരി വസ്തുക്കളും മയക്കുമരുന്നുകളും അവരുടെ ശരീരത്തിലേക്ക് ആവശ്യത്തിലുമധികം കടത്തിവിട്ട് സ്വയം നശിച്ച് തീരുന്നു. അവസാനം ഭ്രാന്തന്മാരെപ്പോലും ലജ്ജിപ്പിക്കുന്ന അവസ്ഥയിലേക്ക് ഇവരെ നയിക്കാൻ ഇവ വഴിതെളിക്കുന്നു. മദ്യശാലകൾ മുമ്പിലും മയക്കുമരുന്ന് കമ്പനിക്ക് മുമ്പിലും അവക്കായി തല്ല് കൂടുന്നു. കേവലം തെരുവ് നായിക്കളെ പോലെ അവക്ക് മുമ്പിലേക്ക് ഒരു മാംസകഷ്ണം കിട്ടിയാലുള്ള അവസ്ഥ പറയേണ്ടതില്ലല്ലോ. ഇന്നത്തെ യുവസമൂഹം ലഹരി വസ്തുക്കൾക്കായി മത്സരിക്കുന്നതിനെപ്പറ്റി പറയാൻ ഇതിലും നല്ലൊരു ഉദാഹരണം മറ്റൊന്നുമില്ല.

എത്ര വിലയായാലും അവരത് നേടിയെടുക്കുന്നു. നാളത്തെ സമൂഹത്തിലെ വാഗ്ദാനങ്ങളാണ് ഇതിലൂടെ നശിച്ച് കൊണ്ടിരിക്കുന്നത്. മദ്യവും മയക്കുമരുന്നുകളും ഇല്ലാത്ത നല്ലൊരു നാളെക്കായി ഇതിലെങ്കിലും നാം കഠിനമായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പിഞ്ചോമനകളുടെ മനസ്സിൽ നിന്നല്ല ചിന്തയിൽ നിന്നു തന്നെ ഇങ്ങനെയുള്ള ദുശ്ശീലങ്ങൾ മാറ്റിയെടുക്കാൻ നമുക്ക് കഴിയണം. അവിടെയാണ് നമ്മുടെ വിജയം അതിനായി ലഹരി വസ്തുക്കളെ സമൂഹത്തിൽ നിന്ന് തുടച്ചുമാറ്റാൻ നാം ഓരോരുത്തരും കഴിവിന്റെ പരമാവധി ശ്രമിക്കേണ്ടതായിട്ടുണ്ട്. വളർന്നു വരുന്ന കുഞ്ഞുങ്ങൾക്ക് മയക്കുമരുന്നുകൾ ഉപയോഗിച്ചാലുള്ള ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകളും നൽകണം. എങ്കിൽ മാത്രമേ നമുക്ക് നാളയുടെ ഒരു നല്ല തലമുറയേ വാർത്തെടുക്കാൻ കഴിയൂ. ലഹരി വസ്തുക്കൾ നമ്മുടെ സമൂഹത്തിൽ നിന്നും തുടച്ച് നീക്കി നല്ലൊരു സമൂഹത്തിന് വഴിതെളിക്കാം.



**റിയാ ഫാത്തിമാ**

**9 B**

# പ്രിയ സഖീ....

കൂട്ടിനായി ആളെ കിട്ടുമോ
അരികിലിരിക്കാനായി നീ
വരുമോ...............
മനമൊന്നിടറിയാൽ.......
ഹൃദയം വിതുമ്പുമ്പോൾ
മനമൊന്നു തെളിയിക്കാനായി
സ്ഥായീഭാവം കാണാതിരിക്കാൻ
അവൾ ആഗ്രഹിക്കുന്നുവോ......
ഹൃദയകലകൾ തൻ
താളം മറിയുമ്പോൾ
അമ്മതൻ താരാട്ട്
ഞാനോർക്കുന്നു പഴയകാലം
പൊക്കിൾക്കൊടി മുറിക്കാത്തയാ
സ്നേഹബന്ധം
കുടുംബന്ധത്തിനിഴകൾ
മുറിയുമ്പോൾ
ഓർക്കുക നീ നിൻ പൈതലേ.......
സ്തംബ്ധമാമാ മിഴി
നീർ കണ്ണുകൾ
ഒന്നുമറിയാതെ വിതുമ്പുമാ
ഹൃദയം
മനസ്സിലാതേണ്ടതായി
നീ മാത്രം
ആശ്വാസമേകയും മാത്രം
എൻ പ്രിയ സഖി.



ഹൃദ്യാ രാജ്
9 F

# നിശ്ശബ്ദമീ വേള

"നിങ്ങൾക്ക് പഠിക്കാനെന്നുമില്ലേ"എന്ന കുമാരൻ മാഷിന്റെ ചോദ്യത്തിനുമുന്നിൽ ഞാൻ നടുങ്ങി.പെട്ടന്നാണ് ഞാൻ അതു ശ്രദ്ധിച്ചത് മീനാക്ഷി ഇതുവരെ എത്തിയിട്ടില്ല.കുറെ നാളുകൾക്കു ശേഷമാണ് സ്കൂൾ തുറക്കുന്നത്.കേരളത്തെ നടുക്കിയ ആ പ്രളയത്തിൽ ഭീതിയിൽ നിന്നും മുക്തരാകത്തവരാണ് ഞങ്ങളിൽ പലരും.പക്ഷേ മീനാക്ഷി.....അവളുടെ കുടുംബത്തെ ചെറുതായെന്നുമല്ല പ്രളയം ബാധിച്ചിരുന്നത് എന്നു മാത്രമറിയാം.അവളുടെ പിറന്നാളായിരുന്നു അന്ന്.

അച്ഛൻ മേടിച്ചുതന്ന പുത്തനുപ്പ ധരിച്ച് അവൾ എന്തു സന്തോഷവധിയായിരുന്നു.എല്ലാം ഒരു സ്വപ്നം മാത്രമായി അവശേഷിക്കുകയാണ്.ചിങ്ങമാസത്തെ വെയിൽ ഇഴഞ്ഞു നീങ്ങുകയാണ്. ഓണപ്പട്ടിന്റെ മാധുര്യം നഷ്ട്ടപ്പെട്ടു. ഓണപ്പരീക്ഷകൾ ഒരു സ്വപ്നമായി നിൽക്കുന്നു.പക്ഷേ എനിക്കു മനസ്സിലാകാത്ത കാര്യം ഇതാണ്........മീനാക്ഷി എന്തേ എല്ലാവരിൽനിന്നും അകന്നു നിൽക്കുന്നു?

ജനലഴികൾക്കിടയിലൂടെ ഞാൻ പാളിനോക്കി. വേനൽക്കാലത്ത് കാത്തിരുന്ന മഴയെപ്പോലെയാണ് കുറേ നാളുകൾക്കു ശേഷം കൂട്ടുകാരെ കാണുന്നത്.കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് അവൾ വരുന്നത് ഞാൻ കണ്ടു.യൂണിഫോമിന്റെ നിറമെല്ലാം മങ്ങിയിരുന്നു.കുട്ടിന് ബാഗോ പുസ്തകമോ ഇല്ല.മുടിയിലെ എണ്ണമയമെല്ലാം നഷ്ട്ടപ്പെട്ടിരിക്കുന്നു.അതു വാർന്നുകെട്ടുകയോ പിന്നിയിടുകയോ ചെയ്യ്തിട്ടില്ല. പറിച്ചു നട്ട ഒരു ദയനീയത എനിക്ക് അവളിൽ കാണാമായിരുന്നു.അവൾക്കു എന്തു സംഭവിച്ചു എന്ന് എനിക്കു ചോദിക്കാൻ മടിയായിരുന്നു.ഒരുപക്ഷേ,അവൾ കരഞ്ഞാലോ..........വയ്യ മീനാക്ഷിയെക്കുറിച്ചാലോചിക്കാനേ വയ്യാ........

ഇടവേളയായിരിക്കുന്നു.എനിക്ക് അവളോടു ചോദിക്കണമെന്നുണ്ട്.പക്ഷേ........എന്റെ മനസ്സ് അതിന് അനുവദിക്കുന്നില്ല.ചിലപ്പോൾ മറ്റുള്ളവർ എന്നെക്കുറിച്ച് എന്തു

വിചാരിക്കുമെന്ന എന്റെ മനോഭാവം കൊണ്ടായിരിക്കാം.'നിനക്ക് എന്താ സംഭവിച്ചത്,എന്നോടു പറയില്ലേ നീ........' എന്റെ മടിയെ ഞാൻ മാറ്റിവച്ചു കൊണ്ട് അവളോടു ഞാൻ ചോദിച്ചു.'എന്റെ കുടുംബം എന്നെ വിട്ടകന്നു,എന്റെ വീട് എനിക്ക് നഷ്ടപ്പെട്ടു.ഞങ്ങളെ ഇരുട്ടിലേക്ക് തള്ളിയിട്ട് അച്ഛൻ പോയി.കാലത്തിന്റെ മായാത്ത ഓർമ്മകളുമായി അമ്മയെ പ്രകൃതിയാകുന്ന അമ്മ വിളിച്ചു.പ്രളയം എന്ന മൂന്നാക്ഷരം എന്റെ ജീവിതത്തിൽ ചൊരിഞ്ഞത് തീക്കനൽ'ഇത്രയും പറഞ്ഞ് അവളുടെ കണ്ണിൽ നിന്ന് ഒരു തുള്ളി ഭൂമിയിലേക്ക് പതിച്ചു.അവൾ ഓടിമറഞ്ഞു.......എങ്ങോട്ടെന്നില്ലാതെ.....ഇവയെല്ലാം ഒരു മൂകയെപ്പോലെ നോക്കിനിൽക്കാനെ എനിക്കു കഴിഞ്ഞുള്ളൂ.

**അഞ്ജന ദേവസ്യ**
**8.A**








Rinu Fathima
IV.F

# യാത്രാ വിവരണം

അന്നൊരു നല്ല ദിവസമായിരുന്നു.രാവിലെ പോകേണ്ട കാര്യം ആലോചിച്ചിട്ട് തലേന്ന് കിടന്നിട്ട് ഉറക്കം വന്നില്ല.രാവിലെ വളരെ നേരത്തെ തന്നെ എഴുന്നേറ്റ് പ്രഭാതകൃത്യങ്ങളെല്ലാം കഴിഞ്ഞ് പെട്ടെന്ന് തന്നെ പോവാനുള്ള ഒരുക്കങ്ങൾ തുടങ്ങി.5 മണിക്ക് തന്നെ സ്കൂളിലെത്തി.അവിടെ കൂട്ടുകാരും ടീച്ചർമാരുമെല്ലാം എത്തിയിരുന്നു.എല്ലാവരും വളരെയധികം സന്തോഷത്തിലാണ്. ടീച്ചർമാർ ഞങ്ങൾക്കു വേണ്ട നിർദ്ദേശങ്ങളൊക്കെ തന്നു.അപ്പോഴെക്കും ഞങ്ങൾക്ക് പോവാനായുള്ള ബസ് എത്തിയിരുന്നു.ഞങ്ങൾ ഓരോരുത്തരായി കയറാൻ തുടങ്ങി.എല്ലാവരും കയറി



കഴിഞ്ഞു എന്നുറപ്പായപ്പോൾ വണ്ടി പുറപ്പെട്ടു.പാട്ടും നൃത്തവുമൊക്കയായി ഞങ്ങൾ യാത്ര കൂടുതൽ രസമാക്കി.വഴിയോരക്കാഴ്ചകളെല്ലാം ഞങ്ങൾക്ക് പുത്തൻ അനുഭവങ്ങൾ തന്നു.

കുറേ ദൂരം പിന്നിട്ടപ്പോൾ ഒരു ക്രിസ്ത്യൻ പള്ളിയുടെ മുമ്പിൽ ബസ് നിർത്തി.അവിടെ നിന്നാണ് ഞങ്ങൾ പ്രഭാതഭക്ഷണം കഴിച്ചത്.നല്ല വെള്ളയപ്പവും,കടലക്കറിയും എല്ലാവരും ആസ്വദിച്ച് കഴിച്ചു.അത് കഴിഞ്ഞ് വീണ്ടും യാത്ര തുടർന്നു.ഡ്രൈവർ ഒരു സിനിമ വച്ചു തന്നു.എല്ലാവരുടെയും ശ്രദ്ധ അങ്ങോട്ടായി.എല്ലാവരും ശാന്തരായി കൊണ്ട് സിനിമ അസ്വദിച്ചു.ഏകദേശം ഒരു '10' മണിയായപ്പോൾ ഞങ്ങൾ കണ്ണൂർ വിസ്മയയിലെത്തി.ടിക്കറ്റൊക്കെ എടുത്ത് എല്ലാവരും ഉള്ളിൽ കയറി.ഞങ്ങൾക്ക് പുതിയ അനുഭവമായിരുന്നു അത്.കളിച്ചും ചിരിച്ചും ഞങ്ങൾ ഇരുന്നു.സമയം പോയതറിഞ്ഞില്ല.കുറേ നേരം വെള്ളത്തിലും മറ്റും കളിച്ചു.ഉച്ചഭക്ഷണം അവിടെ നിന്നു കഴിച്ചു.

വൈകുന്നേരത്തോടടുത്തപ്പോൾ ഞങ്ങൾ പുറത്തിറങ്ങി.

അടുത്ത യാത്ര കടൽത്തീരത്തേക്കായിരുന്നു. അവിടെ നിന്ന് സൂര്യാസ്തമയം കണ്ടു.കുറേ കഴിഞ്ഞപ്പോൾ കളിപ്പാട്ടങ്ങളും മറ്റും വാങ്ങി ഞങ്ങൾ തിരികെ പോകാനുള്ള ഒരുക്കം തുടങ്ങി.രാത്രിയായപ്പോൾ വീട്ടിലെത്തി.ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു അനുഭവമായിരുന്നു ആ യാത്ര.ഞങ്ങൾ ആവോളം അസ്വദിച്ച ആ യാത്ര, ഞങ്ങളുടെ സ്വന്തം വിനോദയാത്ര.



**റഹ്ദ ടി.കെ**
**9 A**





**ALNA ROSE**
**9 E**

# സഹപ്രവർത്തകൻ

**(അകാലത്തിൽ പൊലിഞ്ഞ ഞങ്ങളുടെ പ്രിയപ്പെട്ട തങ്കച്ചൻ സാറിന്)**

മനസ്സിന്റെ മണിച്ചെപ്പിലെവിടെയോ
വിഷാദം ഗദഗദമാകവേ
കരയണോ?വിതുമ്പണോ?
എന്നറിയാതെ ഉരുകവേ
ഓർത്തു നിൻ മുഖം
നഷ്ടഭാരത്താൽ ഉഴലവേ
സ്നേഹത്തിൻ മൂർത്തിരൂപമായ്
ഞങ്ങളിൽ കത്തിജ്വലിക്കവേ
നഷ്ടസ്വർഗ്ഗമാം ലോകത്തിൽ
മൂകമായിരുന്നു നിനക്കവെ
ഒരായിരം ഓർമ്മകൾ.....അലയടിച്ചുയരവേ
കലങ്ങിമറഞ്ഞൊഴുകും പുഴപോൽ.
ഞങ്ങൾക്കാരായിരുന്നു സാർ?
നന്മകൾ മാത്രമാഗ്രഹിക്കുന്ന സുഹൃത്ത്
നിസ്വാർത്ഥമായ ഒരമ്മതൻസ്നേഹം
തലോടുന്ന,കരുതുന്ന പിതൃവാത്സല്യം.
നഷ്ടം എന്നും നഷ്ടം തന്നെ-
തീരാനഷ്ടമായ് തീരവേ
പകരം വയ്ക്കാനില്ലാത്തൊരു
സഹോദരൻ അതുമാത്രം.
മരണം ഒരു വേർപാടാണെങ്കിലും
താങ്കൾ ചെയ്തത്,നിനച്ചത്
കാണിച്ചുതന്നത്.......സുകൃതങ്ങൾ
ജീവിതമൂല്യങ്ങൾ തുടരാനുറച്ചു.



**മിനി പി.എം**
**HST ENGLISH**

# പ്രിയ സുഹൃത്ത്

ദേവദൂതർ തേടിയോ
ദേവനാടാകുമി ഭൂവിൽ
ശാന്തസൗമ്യനായ നാട്യങ്ങളേതുമില്ലാത്ത
നിറപുഞ്ചിരിയും നിലയ്ക്കാത്ത വാക്ധോരണിയുമുള്ള
സത്യവ്രതനായ ധീരനായ
ഭാവനാതീഷ്ണനായ വിജ്ഞാനതപസ്വിയായ
ആ പാവം പച്ചമനുഷ്യൻ
നാളുകൾ കഴിയവേ
ദൈവം കണ്ടുവോ ആ പച്ച
മനുഷ്യനെ
ദേഹമണിഞ്ഞിട്ട് ദേഹിയുമായി
പോയ് മറഞ്ഞോ?
പറഞ്ഞാൽ തീരാത്ത
മായാത്ത മറയാത്ത



പുണ്യസ്മരണയിൽ
പുതയുന്ന മാനസം
ഓർമ്മകളിൽ നിലയ്ക്കാത്ത
ഓർമ്മപ്പെടുത്തലായ്
ഇന്നും ജ്വലിക്കുന്ന
ഞങ്ങൾതൻ സുഹൃത്ത്......

**അന്നക്കുട്ടി എം.ജെ**
**HST SS**

# യാത്രമൊഴി

സുന്ദരം സുദീപ്തമാം
നിന്നുടെ സ്മരണയിൽ
ശിരസ്സു നമിക്കട്ടെ-
സ്നേഹിതാ ഒരു വേള...........
ശാന്തനായ് സൗമ്യനായ്-
താടിയിൽ കൈവച്ചു
സാക്രുതം നമ്മളെ കേൾക്കാൻ-
ശ്രമിച്ചതും
അച്ചടിപ്പിശകുപറ്റാത്തൊരാ വാക്കുകൾ
"മധുരം മലയാളം"എന്നു തോന്നിച്ചതും
തട്ടിയോ പലവുരു തൊട്ടപ്പുറത്തുള്ള
ക്ലാസിലായ് "ഉരുപ്പാൻ കിണറുകുഴിച്ചതും"
"അളിയൻ വന്നതു നന്നായതും",പിന്നെ
"ഹാ,പുഷ്പമേ" എന്നു വിലപിച്ചു-
"വീണപൂവിനെ"വർണിച്ചതും.......
പലവുരു കേട്ടഞാൻ,കേൾക്കാൻ-
ശ്രമിച്ചു ഞാൻ
നല്ല ക്ലാസ്....എന്നു മനസ്സിൽ പറഞ്ഞതും
എത്ര മറക്കിലും പിന്നെയും പിന്നെയും
ഓർമ്മകൾ ഒന്നായ് കുമിഞ്ഞുക്രൂട്ടന്നിതോ?
നാളെത്ര നമ്മൾ കഴിഞ്ഞു കുടുംബമായ്,
സ്നേഹമായ്,ക്രൂട്ടായ്,താങ്ങായ്,അങ്ങനെ
"ഹൗസ് വിസിറ്റുകൾ"സ്റ്റാഫ് ടൂർ പോയതും
ഒന്നിച്ചിരുന്നു ഭക്ഷണം കഴിച്ചതും
അന്താക്ഷരിക്കായി ഗ്രൂപ്പു തിരിഞ്ഞതും ,പൊട്ടിച്ചിരിച്ചതും
ഒക്കെയും ഇന്നിനി ഓർമ്മക്കുറിപ്പുകൾ!
...................................................................
ആയിരമായിരം കുഞ്ഞുമനസ്സുകൾ

പ്രോജ്ജ്വലിപ്പിക്കാൻ ദൈവം അയച്ചവൻ.
ആട്ടവും പാട്ടവും കവിതയും ഭാഷയും
'ഭാവമില്ലാതെ'കെണ്ടുനടന്നവൻ
ഭാഷയിലഗ്രജൻ-വന്ദ്യഗുരു ശ്രേഷ്ഠാ
ഏകട്ടെ ഞങ്ങളിന്നന്ത്യയാത്രാമൊഴി..............
പാതിയിൽ വാക്കു മുറിഞ്ഞൊരാ
'സ്വാഗതഗാനത്തെ'യെങ്ങനെ ചിട്ടപ്പെടുത്തണം?
അങ്ങു കൊളുത്തിയ വിജ്ഞാന ദീപ്തങ്ങൾ
ലോകത്തിലൊക്കെയും കത്തിപ്പടർന്നിടും
ആ അഗ്നിനാളങ്ങൾ-
അറിവിൻ വെളിച്ചമായ്
നേരായ്,തെളിച്ചമായ്,നന്മയായ് പടരട്ടെ,
ആയിരം മനസ്സിൽ തിളക്കമായ് മാറട്ടെ!!

**ആൻസി എം.വി**
HST *(Natural science)*





# ....ആദരാഞ്ജലികൾ....

# ഹൃദയപൂർവ്വം......

സൗഹൃദത്തിന്റെ കൈയ്യൊപ്പുകൾ ചാർത്തിയ ഈ 'Imprints'–ന് അക്ഷരവർണ്ണമുത്തുകൾ കൊണ്ട് ചാരുതയേകിയവർ,അവയെ ഡിജിറ്റൽ ലോകത്തേക്ക കൊണ്ടുപോയവർ,ലിറ്റിൽ കൈറ്റിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും സഹായഹസ്തമേകിക്കൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് മേഴ്സി ടീച്ചർ, PTA അംഗങ്ങൾ, അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, ലിറ്റിൽ കൈറ്റിലെ കൂട്ടുകാർ, എല്ലാറ്റിനുമുപരിയായി ഞങ്ങളുടെ വഴികാട്ടികളായിരുന്ന ലിറ്റിൽ കൈറ്റ് മാസ്റ്റേഴ്സ് ഗോൾഡ ടീച്ചർ, ഫിലിപ് സാർ,........

ഏവർക്കും ഹൃദയത്തിൽ ചാലിച്ചെടുത്ത നന്ദിയുടെ നറുമലരുകൾ സമർപ്പിക്കുന്നു.

നന്ദി......നന്ദി.....നന്ദി.....




thank you.
ROYAL